# ഇസ്രയേൽ – സമ്പന്ന രാഷ്ട്രവും

ഒരു സുപ്രഭാതത്തിൽ കുറേ ചെറുപ്പക്കാർ ടെൽ അവീവിലെ സമ്പന്നമേഖലയിൽ കൂടാരങ്ങൾ തീർത്തു രാപാർക്കാനാരംഭിച്ചപ്പോൾ കുട്ടികളുടെ ഓരോരോ തമാശകൾ എന്നേ പലരും കരുതിയുള്ളു. എന്നാൽ, കളികാര്യമായതു വളരെ പെട്ടെന്നായിരുന്നു. ഇസ്രയേലി നഗരങ്ങളിലെ പാർപ്പിട പ്രശ്നങ്ങൾ മുൻനിർത്തി ആരംഭിച്ച പ്രതിഷേധ പ്രകടനങ്ങൾ ദിവസങ്ങൾക്കുള്ളിൽ ഗവൺമെണ്ടിനു തലവേദന സൃഷ്ടിക്കുന്ന ദേശീയപ്രക്ഷോഭമായി മാറി. ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ജനമുന്നേറ്റമാണ് ഇക്കഴിഞ്ഞ ആഗസ്റ്റ് ആറിന് അവിടെ അരങ്ങേറിയത്. മൂന്നു ലക്ഷത്തോളം ജനങ്ങളാണു സാമൂഹ്യനീതിക്കും ക്ഷേമരാഷ്ട്രത്തിനുമായി മുദ്രാവാക്യം മുഴക്കിക്കൊണ്ടു ടെൽ അവീവിലെ തെരുവീഥികളിലൂടെ പ്രതിഷേധപ്രകടനം നടത്തിയത്. ജനകീയ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ വിളിച്ചു ചേർത്ത പാർലമെണ്ടിലേക്കു തള്ളിക്കയറാൻ ശ്രമിച്ച പ്രകടനക്കാർ പോലീസുമായി ഏറ്റുമുട്ടി.





കഴിഞ്ഞ ഒരു മാസമായി ഇസ്രയേലിലെ ജനങ്ങൾ സമരരംഗത്താണ്.



വിലക്കയറ്റം അതിരൂക്ഷമായി. ഭക്ഷ്യവസ്തുക്കൾക്കും ഇന്ധനത്തിനും വില അനിയന്ത്രിതമായി വർധിച്ചു. നഗരപ്രദേശങ്ങളിൽ പാർപ്പിടങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമായി. അപ്പാർട്ട്മെന്റുകളുടെ വില ഇരട്ടിച്ചു. വാടക അൻപതു ശതമാനത്തോളം വർധിച്ചു. വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലുണ്ടായിരുന്ന സൗജന്യങ്ങൾ നിലച്ചു. ഇടത്തരക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിതം വഴിമുട്ടി.

“ഇസ്രയേലിൽ മൂന്നുദശലക്ഷം പ്രധാനമന്ത്രിമാരുണ്ട്” എന്നു ഗോൾഡാ മെയർ പ്രധാനമന്ത്രിയായിരുന്നപ്പോൾ പറഞ്ഞതു വെറും ഫലിതമായിരുന്നില്ല. ഒരു മാതൃകാ സോഷ്യലിസ്റ്റു രാഷ്ട്രമായ ഇസ്രയേലിന്റെ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥിതിയെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു ആ വാക്കുകൾ.

എന്നാൽ, ഇസ്രയേൽ കമ്പോള സമ്പദ്‌വ്യവസ്ഥയിലേക്കു ചുവടുമാറ്റിയപ്പോൾ കാര്യങ്ങളാകെ മാറി. മുതലാളിത്ത വ്യവസ്ഥിതിയുടെ തിന്മകൾ പ്രകടമായിത്തുടങ്ങി. സമ്പത്തു ചുരുക്കം കൈകളിലേക്ക് ഒഴുകാൻ തുടങ്ങിയതോടെ സമൂഹത്തിൽ സാമ്പത്തിക അസമത്വം വർധിച്ചു. സാധാരണക്കാരൻ ജീവിതക്ലേശങ്ങളിൽപെട്ടു വീർപ്പുമുട്ടി. സർക്കാരിന്റെ സാമ്പത്തികനയങ്ങൾ

# ദരിദ്രജനതയും!





ഇസ്രയേലിനെ 'ആറായിരം കോടീശ്വരന്മാരുടെയും ആറുദശലക്ഷം തെണ്ടികളുടെയും നാടാക്കി മാറ്റുമെന്നു' പ്രസിഡണ്ട് ഷിമോൺ പെരെസ് വിലപിച്ചത് ഈ സാഹചര്യത്തിലാണ്.

മഹാഭൂരിപക്ഷം ഇസ്രയേലികളും ബഹുജനസമരത്തെ അനുകൂലിക്കുന്നവരാണ്. സമഗ്രമായ സാമൂഹ്യ-സാമ്പത്തിക പരിഷ്ക്കാരങ്ങളാണു ജനങ്ങൾ ആവശ്യപ്പെടുന്നത്. പ്രശ്നപരിഹാരമുണ്ടാകുന്നതുവരെ പ്രക്ഷോഭത്തിൽ ഉറച്ചുനില്ക്കാനാണ് അവരുടെ തീരുമാനം.






സ്ഥിതിഗതികളുടെ ഗുരുതരാവസ്ഥ ബോധ്യമായ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പ്രക്ഷോഭകാരികളുമായി സന്ധിചെയ്തിരിക്കുന്നു. പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങൾ കണ്ടെത്താനായി ഒരു കമ്മീഷൻ രൂപീകരിച്ച് ഒരു മാസത്തിനുള്ളിൽ നിർദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കയാണ്. ♦

# സ്വാശ്രയ വിദ്യാഭ്യാസവും കോടതിവിധികളും

പ്രൊഫ. ലോപ്പസ് മാത്യു



10 വർഷക്കാലം കാര്യങ്ങൾ സ്വാശ്രയമേഖലയിൽ കുഴപ്പമില്ലാതെ നടന്നു. എന്നാൽ, ഉണ്ണികൃഷ്ണൻ കേസിലെ വിധിക്കെതിരെ മാനേജ്മെണ്ടുകൾ അപ്പീൽ പോവുകയും അവ പരിഗണിക്കാൻ താമസിക്കുകയും ചെയ്തു. അപ്പീൽ പരിഗണിക്കാൻ പല ബഞ്ചുകൾ രൂപീകരിക്കുകയും എന്നാൽ, അവയൊന്നും വിധി പറയാതിരിക്കുകയും ചെയ്തു. ഈ സമയങ്ങളിൽ നാട്ടിൽ 50:50 തത്വത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾ എല്ലാ മേഖലയിലും അനുവദിക്കുകയും, വ്യക്തികളും ഏജൻസികളും അവ സ്വീകരിക്കുകയും ചെയ്തു.

**1993**ൽ ഉണ്ണികൃഷ്ണൻ/സ്റ്റേറ്റ് ഓഫ് ആന്ധ്രാപ്രദേശ് കേസിന്റെ വിധിയിലാണ് ഓരോ സ്വാശ്രയ പ്രൊഫഷണൽ കോളജിലും രണ്ടുതരത്തിലുള്ള സീറ്റുകൾ ഉണ്ടായിരിക്കണമെന്നും ഇതിൽ 50 ശതമാനം ഫ്രീ സീറ്റുകളിൽ ഗവൺമെണ്ട് കോളജുകളിലെ ഫീസ് നിരക്കിൽ പഠിപ്പിക്കണമെന്നുമുള്ള വിധിപ്രഖ്യാപനമുണ്ടായത് ബാക്കി 50 ശതമാനം പേയ്മന്റ് സീറ്റ്. ഈ സീറ്റുകളിലെ ഫീസ് നിരക്കു ഗവൺമെണ്ട് നിയമിക്കുന്ന ഒരു കമ്മിറ്റി തീരുമാനിക്കും.

ഫ്രീ സീറ്റുകളിലേക്കുള്ള വിദ്യാർത്ഥികളെ ഗവൺമെണ്ട് അഥവാ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഏജൻസി നടത്തുന്ന പൊതുപ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കും. പേയ്മെന്റ് സീറ്റുകളിലെ വിദ്യാർത്ഥികളെ എൻട്രൻസ് പരീക്ഷയിലെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് അഡ്മിറ്റു ചെയ്യും. രണ്ടു വിഭാഗം സീറ്റുകളിലും ഭരണഘടന അനുവദിക്കുന്ന സംവരണം കൊടുക്കുകയും ചെയ്യാം.

ഉണ്ണികൃഷ്ണൻ കേസിൽ രൂപീകരിച്ച തത്വത്തിന്റെ അടിസ്ഥാനത്തിലാണ്, കേരളത്തിൽ 2001ലെ എ.കെ. ആന്റണിയുടെ യു.ഡി.എഫ് സർക്കാർ അപേക്ഷ സമർപ്പിച്ച എല്ലാവർക്കും എൻ.ഒ.സി നല്കി കേരളത്തിൽ വ്യാപകമായി സ്വാശ്രയ എഞ്ചിനിയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ, ഐറ്റി കോഴ്സുകൾ തുടങ്ങിയവ ആരംഭിച്ചത്. ഇതനുസരിച്ച് 50 ശതമാനം സീറ്റിൽ വളരെ കുറഞ്ഞഫീസും, ബാക്കി 50 ശതമാനം സീറ്റിൽ കോളജ് നടത്തിക്കൊണ്ടു പോകുവാൻ ആവശ്യമായ ഉയർന്ന ഫീസും, തിരിച്ചു നല്കുകയില്ലാത്ത ഡിപ്പോസിറ്റും വാങ്ങാൻ മാനേജ്മെന്റുകളെ അനുവദിച്ചിരുന്നു. ഉദാഹരണത്തിന് എഞ്ചിനീയറിംഗിന് ഫ്രീ സീറ്റിൽ 3000 രൂപ ഫീസും, പേയ്മെന്റ് സീറ്റിൽ 50,000 രൂപാഫീസും ഒരുലക്ഷം രൂപാ ഡിപ്പോസിറ്റും വാങ്ങിയിരുന്നു. ഈ സ്കീം സർക്കാരും, മാനേജ്മെന്റുകളും, മാതാപിതാക്കളും, വിദ്യാർത്ഥികളും എല്ലാവരും അംഗീകരിച്ചതുമായിരുന്നു. അന്നത്തെ മുഖ്യമന്ത്രി 'രണ്ടു സ്വാശ്രയ കോളജ് സമം ഒരു സർക്കാർ കോളജ്' എന്നു പറഞ്ഞ ഫോർമുലയുടെ അടിസ്ഥാനവുമിതായിരുന്നു.

10 വർഷക്കാലം കാര്യങ്ങൾ സ്വാശ്രയമേഖലയിൽ കുഴപ്പമില്ലാതെ നടന്നു. എന്നാൽ, ഉണ്ണികൃഷ്ണൻ കേസിലെ

വിധിക്കെതിരെ മാനേജ്മെണ്ടുകൾ അപ്പീൽ പോവുകയും അവ പരിഗണിക്കാൻ താമസിക്കുകയും ചെയ്തു. അപ്പീൽ പരിഗണിക്കാൻ പല ബഞ്ചുകൾ രൂപീകരിക്കുകയും എന്നാൽ, അവയൊന്നും വിധി പറയാതിരിക്കുകയും ചെയ്തു. ഈ സമയങ്ങളിൽ നാട്ടിൽ 50:50 തത്വത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾ എല്ലാ മേഖലയിലും അനുവദിക്കുകയും, വ്യക്തികളും ഏജൻസികളും അവ സ്വീകരിക്കുകയും ചെയ്തു.

2002ൽ 11 അംഗങ്ങൾ അടങ്ങിയ സുപ്രീംകോടതിയുടെ ഒരു ഭരണഘടനാ ബഞ്ചു രൂപീകരിക്കുകയും T.M.A Pai Foundation / State of Karnataka കേസിൽ പുതിയ വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഉണ്ണികൃഷ്ണൻ കേസിലെ തീരുമാനപ്രകാരമുള്ള ഫീസ് പോരെന്നു മാനേജ്മെണ്ടുകൾ വാദിച്ചു. പാവപ്പെട്ടവരെ ഉദ്ദേശിച്ചാണു ഫ്രീസീറ്റ് വച്ചതെങ്കിലും, പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ ആ സീറ്റ് നല്കുന്നതുകൊണ്ടു മുതലാളിമാരുടെ മക്കളും, പട്ടണവാസികളുമാണ് അവ കൈവശപ്പെടുത്തുന്നതെന്നും മാനേജ്മെണ്ടുകൾ വാദിച്ചു.

ഈ കേസിൽ സുപ്രീംകോടതിയുടെ 11 അംഗ ബഞ്ച് അഞ്ച് അടിസ്ഥാനപ്രശ്നങ്ങൾ വിശകലനം ചെയ്തു. വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുവാനുള്ള അവകാശം ഭരണഘടനാപരമാണോ, ഉണ്ണികൃഷ്ണൻ കേസിലെ തീരുമാനങ്ങൾ പുനഃപരിശോധിക്കണമോ, പ്രൈവറ്റ് സ്ഥാപനങ്ങളിൽ സർക്കാർ നിയന്ത്രണങ്ങൾ വേണോ, വേണമെങ്കിൽ ഏതു പരിധിവരെ, ന്യൂനപക്ഷ സമുദായത്തെ തീരുമാനിക്കാൻ ഉള്ള അടിസ്ഥാനം സംസ്ഥാനമാണോ, രാജ്യം മുഴുവനുമാണോ, എയ്ഡഡ് ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അധികാരങ്ങൾ എന്തെല്ലാം എന്നിവ.

ടി.എം.എ. പൈ കേസിൽ സുപ്രീം കോടതി വിശദമായ വിധി പ്രസ്താവിച്ചു. ന്യൂനപക്ഷങ്ങൾക്കു തങ്ങൾ ഇഷ്ടപ്പെടുന്ന തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ അവകാശമുണ്ട്, ഭരണഘടന ആർട്ടിക്കിൾ 30(1) പ്രകാരം

ഇന്ത്യയിലെ സംസ്ഥാനങ്ങൾ ഭാഷാടിസ്ഥാനത്തിൽ രൂപീകരിച്ചിരിക്കുന്നതിനാൽ മത, ഭാഷാ, ന്യൂനപക്ഷങ്ങൾ ആരെന്നു തീരുമാനിക്കാനുള്ള ഒരു അടിസ്ഥാനഘടകം സംസ്ഥാനമായിരിക്കണം. സംസ്ഥാനത്തെ ജനസംഖ്യയിൽ പകുതിയിൽ താഴെയുള്ള മത, ഭാഷാ വിഭാഗങ്ങൾ ന്യൂനപക്ഷങ്ങളായിരിക്കും.



**ഗവൺമെണ്ട് ഫീസ് നിർണയിക്കുന്നതു ഭരണഘടനാ വിരുദ്ധമെന്നു ടി.എം.എ. പൈ കേസിൽ കോടതി പറഞ്ഞിരുന്നുവെങ്കിൽ, ഗവൺമെണ്ട് നിയമിക്കുന്ന കമ്മിറ്റിക്ക് ഫീസ് നിർണയിക്കാൻ അവകാശമുണ്ട് എന്ന് ഇസ്ലാമിക് അക്കാദമിക് കേസിൽ കോടതി പറഞ്ഞു.**

സ്വാശ്രയ കോളജുകളിൽ വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്യാനുള്ള അവകാശം ന്യൂനപക്ഷത്തിന്റെതാണ്. സർക്കാരിനോ, യൂണിവേഴ്സിറ്റിക്കോ ഈ അവകാശത്തിൽ ഇടപെടാൻ അധികാരമില്ല. എന്നാൽ, അഡ്മിഷൻ സുതാര്യവും മെറിറ്റ് അടിസ്ഥാനത്തിലുള്ളതുമായിരിക്കണം. ന്യൂനപക്ഷ സ്ഥാപനങ്ങൾക്കു തങ്ങളുടേതായ അഡ്മിഷൻ സമ്പ്രദായം രൂപപ്പെടുത്താം. പക്ഷേ, മെറിറ്റ് പാലിച്ചിരിക്കണം. ഉണ്ണികൃഷ്ണൻ രീതി ശരിയല്ല. എന്നാൽ, ക്യാപ്പിറ്റേഷൻ ഫീസും ലാഭമുണ്ടാക്കലും പാടില്ല. സ്ഥാപനത്തിന്റെ ഭാവിവളർച്ച ഉറപ്പുവരുത്തുവാനായി ഒരു നിശ്ചിത അധിക വരുമാനം ഉണ്ടാക്കാം.

സുപ്രീം കോടതിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ബഞ്ചായിരുന്നു ടി.എം.എ.പൈ കേസിലെ പതിനൊന്നംഗ ബഞ്ച്. സ്വാശ്രയ മേഖലയിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാവുമെന്നു കരുതിയ പതിനൊന്നംഗ ബഞ്ചിന്റെ വിധി പലരീതിയിലും വ്യാഖ്യാനിക്കപ്പെട്ടു. സംസ്ഥാനസർക്കാരുകളും, മാനേജ്മെണ്ടുകളും അവരവരുടെ താത്പര്യങ്ങൾക്കനുസരിച്ചു വിധിഭാഗങ്ങൾ വ്യാഖ്യാനിച്ചു.

ഈ സാഹചര്യത്തിൽ സംശയങ്ങൾ ദൂരികരിക്കാനും പൈ കേസിൽ തീരുമാനം എടുക്കാതിരുന്ന കാര്യങ്ങൾ തീരുമാനിക്കാനുമായി ഒരു അഞ്ചംഗ ബഞ്ച് സുപ്രീംകോടതി സ്ഥാപിച്ചു. ഇതാണ് ഇസ്ലാമിക് അക്കാദമി കേസ് എന്നറിയപ്പെടുന്നത്. ഇതിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ഫീസ് നിർണയിക്കാൻ അവകാശമുണ്ടോ, ന്യൂനപക്ഷ-ന്യൂനപക്ഷേതര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവ തുടങ്ങുവാനുള്ള അവകാശം ഒരുപോലെയാണോ, മറ്റു പ്രൈവറ്റ്, സ്വാശ്രയ സ്ഥാപനങ്ങൾക്കു ഫീസ് തീരുമാനിക്കാൻ അവകാശമുണ്ടോ, ഈ സ്ഥാപനങ്ങൾക്ക് അഡ്മിഷൻ രീതി സ്വയം തീരുമാനിക്കാമോ തുടങ്ങിയ കാര്യങ്ങളിലാണു വിധിയുണ്ടായത്.

ഓരോ ന്യൂനപക്ഷസ്ഥാപനത്തിനും അതിന്റെ ഫീസ് തീരുമാനിക്കാൻ അവകാശമുണ്ടെന്നും, ഫീസ് നിർണയിക്കുമ്പോൾ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ, ശമ്പളം, ഭാവിവികസനത്തിനുള്ള പദ്ധതികൾ എന്നിവ പരിഗണിക്കണം. ലാഭമുണ്ടാക്കാൻ പാടില്ല. എന്നാൽ, ഭാവി വികസനത്തിന്, ഒരു യുക്തിസഹമായ മിച്ചം ഉണ്ടാക്കാവുന്നതാണ്. ക്യാപ്പിറ്റേഷൻ ഫീസ് പൂർണമായും പാടില്ല.

ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ഗവൺമെണ്ട് നിയമിക്കണം. ഓരോ സ്ഥാപനവും തങ്ങൾ ഉദ്ദേശിക്കുന്ന ഫീസ് നിരക്കും അതിനെ ന്യായീകരിക്കുന്ന കണക്കുകളും ഈ കമ്മിറ്റിക്കു നല്കണം. കോളജുകൾ പരിഗണനയ്ക്കു വച്ച ഫീസ് നിരക്ക് അംഗീകരിക്കുകയോ മറ്റൊരു ഫീസ് നിശ്ചയിക്കുകയോ ചെയ്യാൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

ഗവൺമെണ്ട് ഫീസ് നിർണയിക്കുന്നതു ഭരണഘടനാ വിരുദ്ധമെന്നു ടി.എം.എ.പൈ കേസിൽ കോടതി പറഞ്ഞിരുന്നുവെങ്കിൽ, ഗവൺമെണ്ട് നിയമിക്കുന്ന കമ്മിറ്റിക്ക് ഫീസ് നിർണയിക്കാൻ അവകാശമുണ്ട് എന്ന് ഇസ്ലാമിക് അക്കാദമിക് കേസിൽ കോടതി പറഞ്ഞു.

മെറിറ്റ് പാലിക്കുന്നിടത്തോളം ഓരോ കോളജിനും പൂർണമായ സ്വാതന്ത്ര്യം അഡ്മിഷൻ കാര്യത്തിലുണ്ട് എന്നു കോടതി പറഞ്ഞു. മാനേജുമെണ്ടിന് വിവിധ ക്വോട്ടാകൾ തീരുമാനിക്കാമെന്നും എന്നാൽ, ഇപ്രകാരം അഡ്മിഷനായി തിരഞ്ഞെടുക്കുന്നവർ ഒരു കേന്ദ്രീകൃത പ്രവേശന പരീക്ഷ പാസായിരിക്കണമെന്നും, അഡ്മിഷൻ ആ പരീക്ഷയിൽ നേടുന്ന റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും, ഈ ടെസ്റ്റ് ഗവൺമെണ്ടിനോ സ്ഥാപനങ്ങളുടെ അസോസ്സിയേഷനോ നടത്താമെന്നും കോടതി വിശദീകരിച്ചു.

സാമ്പത്തിക സാമൂഹ്യ പിന്നോക്കക്കാർക്കുവേണ്ടി സീറ്റുകൾ സർക്കാരിനു മാറ്റിവയ്ക്കാൻ അവകാശമുണ്ട്. വിവിധ ക്വോട്ടാകൾ ന്യൂനപക്ഷ സമുദായത്തിന്റെ പ്രാദേശിക ആവശ്യങ്ങളും താത്പര്യങ്ങളും പരിഗണിച്ചു ഗവൺമെണ്ടാണ് തീരുമാനിക്കേണ്ടത്. ഓരോ ന്യൂനപക്ഷ സ്ഥാപനത്തിനും സ്വന്തമായ എൻട്രൻസ് ടെസ്റ്റ് നടത്താൻ

യുഡിഎഫ് സർക്കാർ വച്ചിരുന്ന അനൗദ്യോഗിക കരാറും, ആ സമയത്ത് ഉണ്ണികൃഷ്ണൻ കേസിലുണ്ടായിരുന്ന വിധിയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ സീറ്റും, മാനേജുമെണ്ടു സീറ്റും നിലനിർത്തി, സാമൂഹ്യനീതിയും സാമ്പത്തികനീതിയും ഉറപ്പുവരുത്തി നാട്ടിലെ പ്രൊഫഷണൽ ഉന്നതവിദ്യാഭ്യാസം അതിന്റെ എല്ലാ സുതാര്യതയോടെയും നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അതിന് എല്ലാവരും സഹകരിച്ചില്ലെങ്കിൽ പിന്നെ സാംസ്കാരിക കേരളമെന്നു പറയുന്നതിൽ അർത്ഥമില്ലാതാകും. ഇതിന് എല്ലാ ഭാഗത്തുനിന്നും വിട്ടുവീഴ്ചയും സഹകരണവും സൗഹൃദവുമാണുണ്ടാവേണ്ടത്.

അനുവാദമില്ല എന്നും കോടതി വിധിച്ചിട്ടുണ്ട്.

പിന്നീടു നടന്നത് ഇസ്ലാമിക് അക്കാദമിക് കേസിലെ വിധി തീരുമാനങ്ങൾ ടി.എം.എ. പൈ കേസിലെ തീരുമാനങ്ങൾക്കു വിരുദ്ധമാണോ എന്നു പരിശോധിക്കാൻ ഒരു പുതിയ ഏഴംഗബഞ്ചിനെ സുപ്രീംകോടതി നിയോഗിക്കുന്നതാണ്. ഇതു പി.എ. ഇനാംദാർ/ സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര കേസിലാണ്.



ന്യൂനപക്ഷസ്ഥാപനങ്ങൾക്കു മാത്രമല്ല, എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോളജുകൾക്കും മുഴുവൻ സീറ്റിലും അഡ്മിഷൻ നടത്താനുള്ള അവകാശമുണ്ട്. ക്വോട്ടാകൾ തീരുമാനിക്കുവാനോ, റിസർവേഷൻ ഏർപ്പെടുത്തുവാനോ സർക്കാരുകൾക്കവകാശമില്ല.

ഓരോ സ്ഥാപനത്തിൽ നിന്നും അപേക്ഷാഫോറം വാങ്ങിക്കുകയും അവിടെയെല്ലാം എൻട്രൻസ് പരീക്ഷ എഴുതുകയും ചെയ്യുക വിദ്യാർത്ഥികൾക്കു പ്രയാസമുണ്ടാക്കും. അതുകൊണ്ട് ഒരേ തരത്തിലുള്ള സ്ഥാപനങ്ങൾ ഒരുമിച്ചു ചേർന്ന് ഒരുപൊതുപരീക്ഷ നടത്തി അതിൽ ലഭിക്കുന്ന റാങ്കിന്റ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തണം.

അഡ്മിഷൻ രീതി നീതിപൂർവകവും സുതാര്യവുമായിരിക്കണം. അങ്ങനെ അല്ലെന്നു തെളിഞ്ഞാൽ സംസ്ഥാന ഗവൺമെണ്ടിന് പൊതുപ്രവേശന പരീക്ഷ നടത്താനുള്ള അവകാശം സ്വയം ഏറ്റെടുക്കാം. ഓരോ സ്ഥാപനത്തിനും ഫീസ് തീരുമാനിക്കാനുള്ള അവകാശമുണ്ട്. സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള അവകാശത്തിന്റെ ഭാഗമായി ഇതിനെ കാണണം. ക്യാപ്പിറ്റേഷനും ലാഭമുണ്ടാക്കലും പാടില്ല. ഹൈക്കോടതി ചീഫ് ജസ്റ്റീസ് നിർദേശിക്കുന്ന ഒരു ജസ്റ്റീസ് അധ്യക്ഷനായി ഒരു ഫീ റെഗുലേറ്ററി കമ്മിറ്റിയും, അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയും രൂപീകരിക്കാൻ സർക്കാരിന് അധികാരമുണ്ട്. ഫീസ് അധികമുണ്ടോ എന്നു പരിശോധിക്കാനും പരീക്ഷയും അഡ്മിഷനും നീതിപൂർവകവും സുതാര്യവുമായി നടന്നോ എന്നു പരിശോധിക്കാനും ഈ കമ്മിറ്റികൾക്ക് അവകാശമുണ്ട്. വേറിട്ടൊരു ഫീസ് നിശ്ചയിക്കാൻ കമ്മിറ്റിക്ക് അവകാശമില്ല. ഇവയാണ് ഇനാംദാർ കേസിന്റെ വിധി വിശദാംശങ്ങൾ.

മേല്പറഞ്ഞ മൂന്നു കോടതിവിധികളിലൊരിടത്തും 50:50 അനുപാതത്തിന് എതിരെ പരാമർശമില്ല. കോളജുകളനുവദിക്കാൻ യുഡിഎഫ് സർക്കാർ വച്ചിരുന്ന അനൗദ്യോഗിക കരാറും, ആ സമയത്ത് ഉണ്ണികൃഷ്ണൻ കേസിലുണ്ടായിരുന്ന വിധിയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ സീറ്റും, മാനേജുമെണ്ടു സീറ്റും നിലനിർത്തി, സാമൂഹ്യനീതിയും സാമ്പത്തികനീതിയും ഉറപ്പുവരുത്തി നാട്ടിലെ പ്രൊഫഷണൽ ഉന്നതവിദ്യാഭ്യാസം അതിന്റെ എല്ലാ സുതാര്യതയോടെയും നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അതിന് എല്ലാവരും സഹകരിച്ചില്ലെങ്കിൽ,പിന്നെ സാംസ്കാരിക കേരളമെന്നു പറയുന്നതിൽ അർത്ഥമില്ലാതാകും. ഇതിന് എല്ലാ ഭാഗത്തുനിന്നും വിട്ടുവീഴ്ചയും സഹകരണവും സൗഹൃദവുമാണുണ്ടാവേണ്ടത്.

# ഒപ്പം കരയാം

**കിളിരൂർ രാധാകൃഷ്ണൻ**



**ഏ**ഷ്യാനെറ്റിലെ മഞ്ച് സ്റ്റാർ സിംഗർ ഗ്രാൻഡ് ഫിനാലെ കണ്ടിരുന്ന സംഗീത പ്രേമികൾ മാത്രമല്ല, മനുഷ്യപ്പറ്റുള്ള ആരും ആ കുരുന്നുകളുടെ അത്ഭുതപ്രകടനം കണ്ട് ഇമപൂട്ടാതെ ഉറക്കമിളച്ചിരുന്നിരിക്കും. മഹാഗായകരെപ്പോലും അതിശയിപ്പിക്കുന്ന ആ കുരുന്നു പ്രതിഭകളെ വാരിയെടുത്ത് ഉമ്മകൊടുക്കാൻ ആഗ്രഹിക്കാത്തവരുണ്ടാവില്ല. ഒടുവിൽ ആദർശ് എന്ന മെലിഞ്ഞ കുട്ടി ഫ്ളാറ്റ് സ്വന്തമാക്കി. ആ ചെറിയ കുട്ടിയുടെ വലിയ ആശയാണതെന്നു പറഞ്ഞുകൂടാ. കാരണം, അതിലും വലിയൊരാഗ്രഹം അവനു ബാക്കിയുണ്ട്.

ആ കുട്ടി സംസാരിച്ചപ്പോഴാണു നാം ചില നടുക്കുന്ന സത്യങ്ങൾ അറിഞ്ഞത്. സ്വന്തമായി ഒരു കിടപ്പാടമില്ലാത്ത കുട്ടിയായിരുന്നു ആദർശ്. അവന് 50 ലക്ഷത്തിന്റെ ഫ്ളാറ്റ് ലഭിച്ചു. വിധിയുടെ കളി എന്നു നമുക്കതിനെ വിളിക്കാം. പിന്നീട് ആ കുട്ടി പറഞ്ഞത് തന്നെയും അമ്മയെയും ഉപേക്ഷിച്ച് എവിടേക്കോ പോയ അച്ഛൻ തിരിച്ചുവരണമെന്നും, "എനിക്ക് അച്ഛനെയും അമ്മയെയും ഒപ്പം വേണം" എന്നുമാണ്. അതു പറയുമ്പോൾ ആ കുട്ടിയുടെ കണ്ണുകൾ നിറഞ്ഞു. തൊണ്ടയിടറി. കണ്ടിരുന്നവരുടെയെല്ലാം കണ്ണുകൾ നിറഞ്ഞിരിക്കും. അൻപതുലക്ഷത്തിന്റെ ഫ്ളാറ്റിനെക്കാൾ അവനാഗ്രഹിച്ചതു തന്റെ പിതാവിന്റെ സാമീപ്യവും സാന്ത്വനവുമാണല്ലോ.

ആദർശ് ആത്മനിഷ്ഠയോടെ ഈശ്വരാർപ്പിതമായി തന്റെ സംഗീതസാധന നിർവഹിച്ചുകൊണ്ട് ഒരു കിടപ്പാടം സ്വന്തമാക്കി. പക്ഷേ, ആ കുട്ടിക്ക് അതിലും വിലപ്പെട്ട ഒന്നിനോടാണ് മോഹം ബാക്കി നില്ക്കുന്നത്. പിതൃസാമീപ്യവും പിതൃസ്നേഹവും. ആദർശിനെപ്പോലെ പതിനായിരക്കണക്കിന്, ഒരു പക്ഷേ ലക്ഷക്കണക്കിനു കുരുന്നുകൾ നമ്മുടെ ഈ കൊച്ചുകേരളത്തിൽ പിതൃസ്നേഹവും മാതൃസ്നേഹവും കൊതിച്ചുകഴിയുന്ന വേഴാമ്പലുകളായി ജീവിക്കുന്നുണ്ട് എന്നതു ക്രൂരമായ ഒരു സത്യമാണ്.

കോടതികളിലും അദാലത്തുകളിലുമൊക്കെ വാശിയും വീറും കാട്ടി പോരുകോഴികളെപ്പോലെ നില്ക്കുന്ന ദമ്പതികളുടെ മക്കളാണീ വേഴാമ്പലുകൾ. പണ്ടെന്നത്തെക്കാളും ഏറെ വിവാഹമോചനക്കേസുകൾ വർധിച്ചിരിക്കുന്ന കാലമാണിത്. പലർക്കും പല കാരണങ്ങൾ പറയാനുണ്ടാവും. പക്ഷേ യഥാർത്ഥ കാരണം ഒന്നേ ഒന്നു മാത്രം. അതൊരുപക്ഷേ ബന്ധപ്പെട്ടവർപോലും മനസ്സിലാക്കിയിട്ടുണ്ടാവില്ല. ഞാനെന്നഭാവം. അതാണ് ഒരേ ഒരു അടിസ്ഥാന കാരണം. ഇത് ഒഴിവായാൽ മറ്റെല്ലാ ചില്ലറപ്രശ്നങ്ങളും കരിയിലപോലെ പറന്നു പൊയ്ക്കൊള്ളും. ഈഗോയോട് 'യൂ ഗോ' എന്നു പറയാനുള്ള ആത്മധൈര്യം കാട്ടിയാൽ പ്രശ്നം തീർന്നു.

ഞാനെന്ന ഭാവത്തിന് അടിമകളാകുന്ന ദമ്പതികളുടെ കുട്ടികളിൽ സംഭവിക്കുന്നതോ? അവരിലെ 'ഞാൻ' അന്യാധീനപ്പെടുന്നു. അവർ നിസ്സഹായരും നിത്യദുഃഖിതരുമായി ശരണം തേടിയെത്തുന്നതു സമൂഹത്തിലെ ചെളിക്കുണ്ടുകളിലേക്കായിരിക്കും. ആദർശിനെപ്പോലെ ആദർശജീവിതം നയിക്കുന്നവർ വളരെ അപൂർവം ഉണ്ടാകാം. അതു കലയുടെ ഒരു മാസ്മരികതകൊണ്ടു കൂടിയാവും. ആ ഭാഗ്യം കിട്ടാത്ത കുട്ടികൾ സ്നേഹം കിട്ടാനായി അലയും. അവരുടെ ഹൃദയം ഒരിറ്റു വാത്സല്യത്തിനായി തുടിക്കും. ഇതു തന്നെ തക്കമെന്നു കരുതി കപടസ്നേഹത്തിന്റെ പൊയ്മുഖമണിഞ്ഞ അധോലോകശക്തികൾ അവരെ ആകർഷിച്ചു പാട്ടിലാക്കുന്നു. ഈയാംപാറ്റകളെപ്പോലെ ഈ കുരുന്നുകൾ ആ അഗ്നിയിൽ ചെന്നു പതിക്കുന്നു.

ഈ ലേഖകനു നേരിട്ടറിയുന്ന ഒരു കാര്യം പറയാം. രണ്ടാം വിവാഹം കഴിഞ്ഞതോടെ ആദ്യ വിവാഹത്തിലെ കുട്ടികളെ ശ്രദ്ധിക്കാതായ ഒരു പിതാവ്. മക്കളിൽ ഇളയവൻ റിബലായി മാറി. ആ പന്ത്രണ്ടുകാരൻ ചെന്നുവീണതു കഞ്ചാവു ലോബിയുടെ കെണിയിലാണ്. അവരവനെ കഞ്ചാവു കള്ളക്കടത്തിനു ട്രെയിനിംഗ് കൊടുത്തു കൂട്ടത്തിലാക്കി. കിഴക്കൻ മേഖലകളിൽ നിന്നു ചെറിയ സ്യൂട്ട്കേസുകളിലും ബാഗുകളിലുമൊക്കെ കഞ്ചാവുമായി അവൻ ബസ്സിന്റെ പിൻസീറ്റിൽ ഒതുങ്ങിക്കൂടും. കുട്ടിയായതുകൊണ്ട് അക്കാലത്ത് ആരും ശ്രദ്ധിക്കുമായിരുന്നില്ല. (ഇന്നു സ്ഥിതിയതല്ല. കുട്ടികളെയാണ് ആദ്യം സംശയിക്കുക. കാരണം, കുട്ടികളിൽ കുട്ടിത്തമില്ലാതായിരിക്കുന്നു). അവനു വയർനിറയെ ഇറച്ചിയും പൊറോട്ടയും കൊടുക്കുന്നു. സിനിമ കാണാൻ ചില്ലറയും. ആ സുഖങ്ങളിൽ മുഴുകിയ അവൻ വീട്ടിലോ സ്കൂളിലോ പോകാതായി. മകനെ തേടിച്ചെന്ന പിതാവിനെ മാഫിയാത്തലവൻ കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തിയത്രെ!

കാലം പോകെ ആ കുട്ടി വളർന്നു. മീശക്കൊപ്പം ആശകളും വളർന്നു. അവൻ മോഷണക്കേസുകളിലും ഒടു

വിൽ കൊലപാതകക്കേസുകളിലും പ്രതിയായി.ഏഴുവർഷത്തെ തടവിനു ശിക്ഷിക്കപ്പെട്ടു. വാസ്തവത്തിൽ ആ കുട്ടി അങ്ങനെയായത് ആരുടെ കുറ്റം കൊണ്ടാണ്? ഇത്തരം ആയിരമായിരം കഥകൾ ഓരോരുത്തർക്കും പറയാനുണ്ടാവും. കുഞ്ഞുങ്ങൾ ബാല്യകൗമാര കാലഘട്ടങ്ങളിൽ ഏറെ ആഗ്രഹിക്കുന്നതു സ്നേഹവാത്സല്യങ്ങളാണ്. അതു കലർപ്പില്ലാതെ, കലവറയില്ലാതെ അവർക്കു ലഭിക്കണം. അതവരുടെ അവകാശമാണ് ആവശ്യമാണ്.

പിരിഞ്ഞിരിക്കുന്ന അച്ഛനമ്മമാരുടെ കുട്ടികൾ മാത്രമല്ല ഈ സ്നേഹദാരിദ്ര്യം അനുഭവിക്കുന്നത്. മാതാപിതാക്കളോടൊപ്പം സർവവിധ ആഡംബരങ്ങളും നിറഞ്ഞ വീടുകളിൽ ഒന്നിച്ചു താമസിച്ചിട്ടും കുട്ടികൾ ഈ ദാരിദ്ര്യം കലശലായി ഇന്നനുഭവിക്കുന്നു. അച്ഛനമ്മമാർ മറ്റൊരു ലോകത്താണു ജീവിക്കുന്നത് എന്നതാണിതിനു കാരണം. മക്കളെക്കുറിച്ചു അവർക്ക് വലിയ സ്വപ്നങ്ങളുണ്ട്. അവരുടെ ഭാവിയെക്കുറിച്ചുള്ള കണക്കുകൂട്ടലുകളുമായി തികച്ചും യാന്ത്രികമായ ഒരു ലോകത്താണവർ ജീവിക്കുന്നത്. അഞ്ചുവയസ്സുകാരനെ അപ്പോൾതന്നെ എഞ്ചിനീയറാക്കാൻ വല്ല പഴുതുമുണ്ടെങ്കിൽ അവരതിനു തുനിയും. അത്രയേറെ ഭൗതികമോഹം തലയ്ക്കുപിടിച്ചവരാണു നല്ലൊരുശതമാനം മാതാപിതാക്കളും.

അവർക്കു മക്കളോടു സ്നേഹമില്ലെന്നു പറയാനാവുമോ? ഒരിക്കലുമില്ല. സ്നേഹക്കൂടുതൽ കൊണ്ടാണ് അവർ കുഞ്ഞുങ്ങളുടെ ശോഭനമായ ഭാവിയെക്കുറിച്ചു സ്വപ്നങ്ങൾ നെയ്യുന്നത്. പക്ഷേ, അതു തല്ലിക്കെടുത്തുന്നതു കുഞ്ഞുങ്ങളുടെ വർണസ്വപ്നങ്ങളെയാണ്.

തുമ്പിയെക്കൊണ്ടു കല്ലെടുപ്പിക്കുന്നതിനു സമമാണു രക്ഷിതാക്കളുടെ പിടിവാശികൾ. ശ്രീനിവാസൻ എന്ന പ്രഗത്ഭനായ ചലച്ചിത്രകാരൻ സ്വന്തം മകൻ വിനീതിനോടൊപ്പം കാഴ്ചവച്ച 'മകന്റെ അച്ഛൻ' എന്ന സിനിമ ഇത്തരം രക്ഷിതാക്കൾക്കൊരു പാഠപുസ്തകമാണ്. "തുമ്പിയെക്കൊണ്ടു കല്ലെടുപ്പിക്കണമോ" എന്നു ഭാര്യ (സുഹാസിനി) ചോദിക്കുമ്പോൾ ഭർത്താവ് (ശ്രീനിവാസൻ) പറയുന്നതു "തുമ്പിയെക്കൊണ്ടു ഞാൻ ഇഷ്ടിക എടുപ്പിക്കും" എന്നാണ്. വാസ്തവത്തിൽ ഇന്നു നമ്മുടെ രക്ഷിതാക്കൾ ചെയ്യുന്നത് അതുതന്നെയാണ്.

**പണ്ടെന്നത്തെക്കാളും ഏറെ വിവാഹമോചനക്കേസുകൾ വർധിച്ചിരിക്കുന്ന കാലമാണിത്. പലർക്കും പല കാരണങ്ങൾ പറയാനുണ്ടാവും. പക്ഷേ യഥാർത്ഥ കാരണം ഒന്നേ ഒന്നു മാത്രം. അതൊരുപക്ഷേ ബന്ധപ്പെട്ടവർപോലും മനസ്സിലാക്കിയിട്ടുണ്ടാവില്ല. ഞാനെന്നഭാവം. അതാണ് ഒരേ ഒരു അടിസ്ഥാന കാരണം. ഇത് ഒഴിവായാൽ മറ്റെല്ലാ ചില്ലറപ്രശ്നങ്ങളും കരിയിലപോലെ പറന്നു പൊയ്ക്കൊള്ളും. ഈഗോയോട് 'യു ഗോ' എന്നു പറയാനുള്ള ആത്മധൈര്യം കാട്ടിയാൽ പ്രശ്നം തീർന്നു.**

മനുഷ്യജീവികൾക്കു ബാല്യകൗമാരങ്ങളാണ് ആയുസ്സിൽ ഈശ്വരൻ കല്പിച്ചു നല്കിയ ഏറ്റവും സന്തോഷപ്രദമായ കാലം. ഭാരിച്ച കാര്യങ്ങളൊന്നും അറിയാതെ, മാതാപിതാക്കളുടെയും ബന്ധുക്കളുടെയും വാത്സല്യദുഗ്ധം നുകർന്നു പൂമ്പാറ്റകളെപ്പോലെ ആറേഴുകൊല്ലം അവർ തകർത്തുല്ലസിക്കണം. അക്കാലത്താണ് അവരുടെ സ്വഭാവരൂപീകരണം നടക്കുന്നത്. മൂല്യസന്ദേശങ്ങൾ ആ കുഞ്ഞുമനസ്സുകളിലേക്കു സംഭരിക്കപ്പെടുന്നതും അക്കാലത്താണ്. പിന്നീടുള്ള ആറോ ഏഴോ പതിറ്റാണ്ടു നീളുന്ന ജീവിതകാലത്തേക്കു മുഴുവൻ വേണ്ട മാനസികോർജ്ജവും ദർശനങ്ങളും നിയന്ത്രണശക്തിയും ഒക്കെ ഇക്കാലത്തു സ്വാഭാവികമായും അവരുടെ മനസ്സിൽ രൂപംകൊള്ളും.

മറിച്ചു സന്തോഷിക്കാനൊന്നുമില്ലാതെ, അമിതമായ ആശങ്കകളും ആകാംക്ഷകളും വിഷാദവുമൊക്കെയാണ് ആ മനസ്സുകളിലേക്കു നാം കോരിയൊഴിക്കുന്നതെങ്കിൽ,നമ്മുടെ ഈഗോ കാക്കാനും നമ്മുടെ ഇഷ്ടങ്ങൾ മാത്രം നടത്തിയെടുക്കാനുമാണു മുതിർന്നവർ ശ്രമിക്കുന്നതെങ്കിൽ, കുഞ്ഞുങ്ങളുടെ മനസ്സുകൾ മരുഭൂമികളായി മാറും. അവിടെ സ്നേഹം, സഹനം, സഹായമനോഭാവം, ആദരവു തുടങ്ങിയ നീരുറവകളൊന്നും ഉണ്ടാവില്ല. അഥവാ ഒരുറവ പൊട്ടിയാലും അപ്പോൾതന്നെ അതു വറ്റിവരണ്ടു പോകും.

നാം ഓരോ ദിവസവും മാധ്യമങ്ങളിൽ നിന്നു നടുക്കത്തോടെ മനസ്സിലാക്കുന്ന കുട്ടിക്കുറുമ്പുകളെല്ലാം ഊർജം കൊള്ളുന്നത് ഈ വരൾച്ചയിലാണ്. നാലു വയസ്സുകാരിയെ എട്ടുവയസ്സുകാരൻ പീഡിപ്പിച്ചു എന്നും മറ്റും വായിക്കാനിടയാകുന്ന ഈ കാലത്തു നാം കൂട്ടത്തോടെ കടലിൽ ചാടി ആത്മഹത്യ നടത്തുകയാണു വേണ്ടത്. ലോകത്ത് എവിടെയോ ഒരു തരം ജീവികളുണ്ടെന്നു കേട്ടിരിക്കുന്നു. അവ ചില പ്രത്യേക സന്ദർഭങ്ങളിൽ കൂട്ടമായി ചെന്നു കടലിൽ ചാടി മരിക്കുമത്രെ. ഇന്നത്തെ കേരളസമൂഹത്തിന് ഇതല്ലാതെ മറ്റൊരു വഴിയില്ലെന്നുപോലും തോന്നിപ്പോകും.

ഇത്തരം ലേഖനങ്ങളും പ്രസംഗങ്ങളും കൗൺസിലിംഗും മറ്റും ആയിരക്കണക്കിന് ഇപ്പോൾ ഉണ്ടാകുന്നുണ്ട്. പക്ഷേ, അതൊന്നും ഒരുഫലവും ചെയ്യുന്നില്ല. കാരണം നമ്മുടെ ഹൃദയങ്ങൾ കല്ലിച്ചുപോയതുകൊണ്ടാവാം. നാം മറ്റുള്ളവരെ ഉപദേശിക്കാൻ സമർത്ഥരാണ്. സ്വജീവിതത്തിൽ അതു പകർത്താൻ തയ്യാറില്ല. ഒരു സംഭവം കൂടി പറഞ്ഞ് ഇത് അവസാനിപ്പിക്കാം. എന്റെ ഒരു സ്നേഹിതൻ അയലത്തെ കുട്ടി സന്ധ്യാസമയത്ത് ഉറക്കെ നിലവിളിക്കുന്നതു കേട്ട് അങ്ങോട്ടു കയറിച്ചെന്നു. ഒന്നാം റാങ്കിന് ഒരു മാർക്കു കുറഞ്ഞു പോയ കുറ്റത്തിനു പന്നിയെ തല്ലും പോലെ ഒരു പെറ്റമ്മ തന്റെ ഏഴു വയസ്സുകാരി മകളെ തല്ലുന്നതും ആ കുഞ്ഞുമോൾ വേദനകൊണ്ടു പിടഞ്ഞു നിലവിളിക്കുന്നതുമാണു സുഹൃത്ത് കണ്ടത്. അയാൾക്കു കോപം നിയന്ത്രിക്കാനായില്ല.

"നിങ്ങൾ ഒരമ്മയോ അതോ രാക്ഷസിയോ?" എന്നയാൾ ചോദിച്ചുപോയി. "എന്റ മക്കളെ ഞാൻ തല്ലുകയോ കൊല്ലുകയോ ചെയ്യും. നിങ്ങളാരാ ചോദിക്കാൻ?" എന്നായിരുന്നു ആ സ്ത്രീയുടെ പ്രതികരണം. ഈ ചോദ്യമാണ് ഇന്നു സമൂഹത്തെയും നിഷ്ക്രിയമാക്കുന്നത്.

അതേ, ചങ്ങാതിമാരേ, നമ്മളാരും ചോദിക്കാൻ അർഹരല്ല. ഇങ്ങനെ എണ്ണിപ്പറഞ്ഞും സങ്കടപ്പെട്ടും ഒരു സമൂഹം മുന്നോട്ടുപോകുമ്പോൾ ആർത്തിയുടെ മൂർത്തിയായ ഈ കലിയുഗം ആദർശ്മാരെ കരയിക്കും. നമുക്കും ഒപ്പം കരയാനേ കഴിയൂ!.



പുനരാഖ്യാനം
മഹാഭാരതം - 133

# അശ്വമേധശാലയിൽ ഒരു സ്വർണക്കീരി

## സവ്യസാചി

ദിഗ്വിജയം കഴിഞ്ഞ് അർജുനൻ തിരിച്ചെത്തിയതോടെ അശ്വമേധത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. വിധിപ്രകാരം ബ്രഹ്മാണ്ഡമായ യജ്ഞശാല പണിതീർത്തു. എവിടെയും സ്വർണമയമായ യാഗശാല വന്നെത്തിയവരെ മുഴുവൻ വിസ്മയിപ്പിച്ചു.

ബ്രാഹ്മണർക്കും യജ്ഞകർത്താക്കൾക്കുമെല്ലാം താമസത്തിനും ഭക്ഷണത്തിനുമായി ഒട്ടേറെ മന്ദിരങ്ങൾ പണിചെയ്തു. വന്നുചേർന്ന രാജാക്കന്മാരെ ആഘോഷപൂർവം സ്വീകരിച്ചു സത്ക്കരിച്ചു. അവർ എണ്ണമറ്റ സമ്മാനങ്ങൾ കൊണ്ടു യുധിഷ്ഠിര മഹാരാജാവിനെ പ്രസാദിപ്പിച്ചു.

യാഗത്തിൽ പങ്കെടുക്കാൻ എത്തിയവർക്കെല്ലാം സമൃദ്ധമായ ഭക്ഷണം ദിവസവും നല്കി. ഒന്നിനുമൊരു കുറവുണ്ടായിരുന്നില്ല. ബ്രാഹ്മണർക്കു സ്വർണവും പശുക്കളും വിധിപ്രകാരം ദാനം ചെയ്തു. അവരെല്ലാം യുധിഷ്ഠിരനിൽ അനുഗ്രഹ വർഷം ചൊരിഞ്ഞു. യജ്ഞാവസാനം മടങ്ങിപ്പോയ രാജാക്കന്മാർക്കെല്ലാം കൈ നിറയെ സമ്മാനങ്ങൾ നല്കി ആദരിച്ചു. എല്ലാവരുമായും സൗഹൃദത്തിലും സമാധാനത്തിലും കഴിയുമെന്നു പരസ്പരം വാക്കുറപ്പിച്ചു. ഇനി യുദ്ധമുണ്ടാകരുത്- അതായിരുന്നു എല്ലാവരുടെയും ആഗ്രഹം.

യജ്ഞത്തിന്റെ പരിസമാപ്തിഘട്ടത്തിൽ വലിയൊരു വിസ്മയമുണ്ടായി. ശരീരത്തിന്റെ പകുതി ഭാഗം സ്വർണവർണമായ ഒരു കീരി യജ്ഞശാലയിൽ കടന്നുവന്നു. അശ്വമേധത്തിന്റെ അവിഘ്ന പരിസമാപ്തിയിൽ ചരിതാർത്ഥരായിരുന്ന പാണ്ഡവരെ സംബോധന ചെയ്തുകൊണ്ടു കീരി ഉറക്കെ വിളിച്ചു പറഞ്ഞു: രാജാക്കന്മാരേ, നിങ്ങളുടെ ഈ മഹായജ്ഞത്തിന്, കാലാ പെറുക്കി ജീവിക്കുന്ന ഒരു ബ്രാഹ്മണന്റെ വറുത്തുപൊടിച്ച ഇടങ്ങഴി അവലിന്റെ വിലപോലുമില്ലല്ലോ!

അതു കേട്ടു ബ്രാഹ്മണർ ചോദിച്ചു: നീയാര്? ഈ യാഗശാലയിൽ കടന്നുവന്ന് അസംബന്ധം പറയാൻ നിനക്കാരനുമതി തന്നു? ഒരു യജ്ഞത്തെപ്പറ്റി നിനക്കെന്തറിയാം? മഹത്തായ ഈ മേധത്തെ നിന്ദിക്കാൻ നിനക്കെങ്ങനെ തോന്നി? ശാസ്ത്രവിധികൾ കടുകിട തെറ്റിക്കാതെ യഥാവിധി അനുഷ്ഠിക്കപ്പെട്ട യാഗമാണിവിടെ കഴിഞ്ഞത്.

പൂജ്യന്മാരെ പൂജിച്ചു. ഹോമാദികർമങ്ങൾ മുറപ്രകാരം അനുഷ്ഠിക്കപ്പെട്ടു. ദാനം കൈ നിറയെ വാങ്ങി ബ്രാഹ്മണരെല്ലാം സന്തുഷ്ടരായി. യുദ്ധം കൊണ്ടു ക്ഷത്രിയനും ശ്രാദ്ധംകൊണ്ടു പിതൃക്കളും സംതൃപ്തരായി. രക്ഷയാൽ വൈശ്യരും കാരുണ്യം കൊണ്ടു ശൂദ്രരും സൗഹൃദം കൊണ്ടു ജ്ഞാതിബാന്ധവരും പുണ്യഹവിസ്സുകൊണ്ടു വാനവരും സംപ്രീതരായി. പക്ഷേ, നീ മാത്രം പറയുന്നു, ഇവിടെ നടന്നതിനൊന്നും യാതൊരു വിലയുമില്ലെന്ന്. ഛേ, ലജ്ജാകരം!

അപ്പോൾ കീരി പറഞ്ഞു: ഞാൻ പൊളി പറഞ്ഞതല്ല സുഹൃത്തുക്കളേ. ഗർവുകൊണ്ടു പറഞ്ഞതുമല്ല. ആ പാവം ബ്രാഹ്മണന്റെ ഇടങ്ങഴി അവലിന്റെ വില ഈ യജ്ഞത്തിനില്ല. ഞാൻ പറയുന്നതു ശ്രദ്ധിക്കൂ- കീരി പറഞ്ഞു തുടങ്ങി.

ഞാനൊരിക്കൽ ഭക്ഷണം തേടി നടക്കുകയായിരുന്നു. കുരുക്ഷേത്രത്തിലെ ഒരു പാവപ്പെട്ട ബ്രാഹ്മണന്റെ കുടിലിൽ എത്തിച്ചേർന്നു. അപ്പോൾ അവിടെയൊരത്ഭുതമുണ്ടായി. ഞാൻ ചെല്ലുമ്പോൾ ഏറെ ദിവസങ്ങൾ കൂടി അവർ ഭക്ഷണം കഴിക്കാനൊരുങ്ങുകയായിരുന്നു. ബ്രാഹ്മണൻ, ഭാര്യ, പുത്രൻ, പുത്രഭാര്യ -നാലു പേരാണു കുടുംബാംഗങ്ങൾ. അന്നു വയലിൽ ചെന്നു കാലാപെറുക്കി കൊണ്ടു വന്ന ധാന്യം കുടുംബിനി വറുത്തുപൊടിച്ചു നാലായി പങ്കിട്ടു. കുളിച്ചു ശുചിയായി ഭക്ഷണത്തിനിരിക്കുമ്പോൾ പുറത്തു നിന്നൊരു വിളികേട്ടു. നോക്കിയപ്പോൾ അർധപ്രാണനായ ഒരു ബ്രാഹ്മണൻ.

വല്ലതും തരണേ. വിശന്നു പൊരിയുന്നു. ഭക്ഷണം കഴിച്ചിട്ടു ദിവസങ്ങളായി- അയാൾ കരയുന്നതുപോലെ പറഞ്ഞു.

അപ്പോൾ കുംടുംബനാഥൻ പറഞ്ഞു: മഹാബ്രാഹ്മണാ, കാലും കൈയും മുഖവും കഴുകി വരൂ. ഞാൻ ഭക്ഷണമെടുക്കാം.

ഗൃഹനാഥൻ അകത്തുപോയി തന്റെ വിഹിതം ഭക്ഷണമെടുത്തു കൊണ്ടുവന്ന് അതിഥിക്കു കൊടുത്തു.



*ഒരു യജ്ഞത്തെപ്പറ്റി നിനക്കെന്തറിയാം?*
*മഹത്തായ ഈ മേധത്തെ നിന്ദിക്കാൻ*
*നിനക്കെങ്ങനെ തോന്നി? ശാസ്ത്രവിധികൾ*
*കടുകിട തെറ്റിക്കാതെ യഥാവിധി*
*അനുഷ്ഠിക്കപ്പെട്ട യാഗമാണിവിടെ*
*കഴിഞ്ഞത്.*

അതു കഴിച്ചിട്ടു തൃപ്തിയാകാതെ അയാൾ ഗൃഹനാഥനെ നോക്കി, 'ഇത്തിരികൂടി' എന്നു പറഞ്ഞു. അപ്പോൾ ഗൃഹനാഥ ഭർത്താവിനെ അകത്തേക്കു വിളിച്ചു: എന്റെ പങ്കുകൂടി അതിഥിക്കു കൊടുക്കൂ. അയാൾ സംതൃപ്തനായി പോകട്ടെ.

ഇല്ല, ഞാൻ സമ്മതിക്കില്ല. എല്ലും തോലുമായ സഹധർമിണിയെ നോക്കി ഗൃഹനാഥൻ പറഞ്ഞു. ഭാര്യയെ സംരക്ഷിക്കാൻ കഴിയാത്തവന് ഇഹപരലോകങ്ങളിലും സത്ഗതിയുണ്ടാവില്ല. അതിഥിയുടെ ശാപം ഞാനേറ്റു കൊള്ളാം. നിന്റെ ഭക്ഷണം നീ കഴിക്കൂ.

അങ്ങനെയല്ല, ആ സ്ത്രീരത്നം തടഞ്ഞു പറഞ്ഞു: നമ്മൾക്കു ധർമാർത്ഥങ്ങൾ സമമാണ്. അങ്ങേക്കുണ്ടെങ്കിലേ എനിക്കുമുള്ളു. അതിഥിയുടെ അതൃപ്തി നമുക്കു ശാപമാകും. കൊടുക്കൂ, അദ്ദേഹം സംതൃപ്തനാകട്ടെ.

ആ ഗൃഹനാഥൻ ഭാര്യയുടെ വിഹിതവും അതിഥിക്കു കൊടുത്തു. അതു കഴിച്ചിട്ടും അയാൾക്കു തൃപ്തിയായില്ല. അയാൾ ദയനീയമായി ഗൃഹനാഥനെ നോക്കി!

അപ്പോൾ മകൻ പറഞ്ഞു: അച്ഛാ, എന്റെ വിഹിതം കൂടി അദ്ദേഹത്തിനു കൊടുത്തേക്കൂ.

അതുവേണ്ടാ മകനേ, നീ ചെറുപ്പം. നീ ഭക്ഷണം കഴിക്കാതിരുന്നാൽ ആരോഗ്യം കെട്ടുപോകും. ആരോഗ്യഹീനനായ മകൻ എങ്ങനെ മാതാപിതാക്കളെ സംരക്ഷിക്കും?

അങ്ങനെയല്ലച്ഛാ, മകൻ പറഞ്ഞു: ഇതു വാങ്ങി ബ്രാഹ്മണനു കൊടുക്കുക. പിതാവിന്റെ ദുഃഖത്തിനു പരിഹാരം കാണാൻ മകനു കടമയുണ്ട്. അങ്ങയെ സംരക്ഷിക്കുകയെന്നതാണെന്റെ ചുമതല. അതിൽ വീഴ്ച വരുത്തിയാൽ ധർമലംഘനമാകും.

അച്ഛൻ വഴങ്ങി. മകന്റെ വിഹിതം യവപ്പൊടിയും അതിഥി കഴിച്ചു. പക്ഷേ, അതുകൊണ്ടും അയാൾക്കു തൃപ്തി വന്നില്ല. അയാൾ ദീനനായി കണ്ണുകളുയർത്തി ഗൃഹനാഥനെ നോക്കി.

അപ്പോൾ പുത്രഭാര്യ അകത്തു നിന്ന് അച്ഛനെ വിളിച്ചു: അച്ഛാ, ഇതാ എന്റെ വിഹിതം. ഇതുകൂടി അതിഥിക്കു കൊടുക്കൂ. അയാൾ സന്തുഷ്ടനാകട്ടെ.

**ധർമം പറഞ്ഞു:**

ക്ഷുധാ നിർണുദതി പ്രജ്ഞാം

ധർമബുദ്ധിം വ്യപോഹതി

ക്ഷുധാ പരിഗതജ്ഞാനോ

ധൃതിം ത്യജതി ചൈവ ഹി

*(വിശപ്പു പ്രജ്ഞയെ കെടുത്തും, ധർമബുദ്ധിയെ തെറ്റിച്ചുകളയും, വിശപ്പുമൂലം ജ്ഞാനം വിസ്മരിച്ചവൻ ബുദ്ധിയെയും പരിത്യജിക്കും.)*

മകളേ, അതു പാടില്ല. ഭക്ഷണം കഴിക്കാതെ നീ വിളർത്തു മെലിഞ്ഞുപോയിരിക്കുന്നു. നിന്നെ സംരക്ഷിക്കേണ്ടത് എന്റെയും നിന്റെ ഭർത്താവിന്റെയും കടമയാണ്. നീ വഴിയാണ് ഈ വംശം നിലനില്ക്കേണ്ടത്. നിന്റെ വിഹിതം നീ കഴിക്കൂ. അതിഥിയെ ഞാൻ ആശ്വസിപ്പിച്ചുകൊള്ളാം.

അതു പാടില്ലച്ഛാ, അവൾ പറഞ്ഞു: അങ്ങെനിക്കു ഗുരുവിനെക്കാൾ വലിയ ഗുരുവാണ്. ദൈവത്തെക്കാൾ ആരാധ്യനായ ദൈവമാണ്. അതിഥി ദേവനാണ്. അങ്ങയുടെ പുത്രനിലൂടെ വംശം നിലനില്ക്കാൻ അതിഥിയുടെ അനുഗ്രഹവും വേണം. അങ്ങിതു വാങ്ങി കൊടുക്കൂ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഗൃഹനാഥൻ പുത്രഭാര്യയുടെ വിഹിതം കൂടി അതിഥിക്കു കൊടുത്തു. അയാൾ വയർ നിറഞ്ഞ് ഏമ്പക്കമിട്ടു. 'ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ' എന്നാശംസിച്ചു കൊണ്ട് അയാൾ പറഞ്ഞു: ഹേ ബ്രാഹ്മണാ, നിങ്ങൾ നിങ്ങളെത്തന്നെ ഉപകരണമാക്കി ധർമം സംരക്ഷിച്ചിരിക്കുകയാണ്. വിശപ്പിനെ ജയിച്ചവൻ ലോകത്തെ ജയിക്കും. ദാനം മഹത്തായ ധർമമാണ്. അതു പാപമോചനവും മോക്ഷദായകവുമാണ്. നിങ്ങൾ നിങ്ങൾക്കുള്ളതെല്ലാം എനിക്കു നല്കിയല്ലൊ. നിങ്ങൾക്കായി സ്വർഗം വാതിൽ തുറന്നു കാത്തിരിക്കുന്നു. ഭഗവാൻ നിങ്ങളെ കടാക്ഷിക്കട്ടെ.

ഇത്രയും പറഞ്ഞ് അയാൾ നടന്നു മറഞ്ഞു. അപ്പോൾ ഞാൻ പതുക്കെ ആ വീട്ടിനുള്ളിൽ കടന്നുചെന്നു. അവിടെ വീണു കിടന്ന യവപ്പൊരികൾ എന്റെ ദേഹത്തു പറ്റി. അങ്ങനെയാണെന്റെ ശരീരത്തിന്റെ പകുതിഭാഗം സ്വർണവർണമായത്.

അന്നു മുതൽ ഞാൻ അന്വേഷിച്ചു നടക്കുകയാണ്. എവിടെ സത്കർമാനുഷ്ഠാനങ്ങൾ നടക്കുന്നുണ്ടോ, അവിടെയൊക്കെ ഞാൻ കടന്നു ചെല്ലും.

പക്ഷേ, ഇതുവരെ എന്റെ ശരീരത്തിന്റെ ബാക്കിഭാഗം അങ്ങനെ തന്നെ തുടരുന്നു. ഇവിടെ മഹത്തായ അശ്വമേധം നടക്കുന്നു എന്നു കേട്ടാണു ഞാൻ വന്നത്. ഈ ദിവ്യകർമങ്ങൾ നടന്ന സ്ഥലത്തു കൂടി നടക്കുമ്പോൾ എന്റെ ശരീരം മുഴുവൻ സ്വർണവർണമാകും എന്നു ഞാൻ പ്രതീക്ഷിച്ചു. പക്ഷേ, അതുണ്ടായില്ല.

അതുകൊണ്ടാണു ബ്രാഹ്മണരേ, ഞാൻ പറഞ്ഞത്, നിങ്ങളുടെ അശ്വമേധത്തിന് ഒരു ദരിദ്ര ബ്രാഹ്മണന്റെ ഭിക്ഷ നല്കലിന്റെ വില പോലും ഇല്ലെന്ന്. നിങ്ങൾ എന്നോടു കോപിക്കേണ്ട. ഇതു പറഞ്ഞു കീരി ഓടിപ്പോയി. പാണ്ഡവരും ബ്രാഹ്മണരും വിഷണ്ണരായി പരസ്പരം നോക്കിയിരുന്നു പോയി.

*(തുടരും)*



# ദാനം നല്കാം നിധിനേടാം



അളവില്ലാത്ത ധനത്തിനുടമയാകണം; അതുമാത്രമായിരുന്നു സോമാലികന്റെ ആഗ്രഹം. അനുഭവിക്കാൻ യോഗമില്ലെങ്കിൽ പിന്നെ എന്തിനധികം ധനം എന്നായിരുന്നു ദേവപുരുഷൻ, സോമാലികനോടു ചോദിച്ചത്. സോമാലികൻപക്ഷേ, വഴങ്ങാൻ ഭാവമില്ലായിരുന്നു. ഒടുവിൽ ദേവപുരുഷൻ ഒരു ഉപദേശം നല്കി.

“നീ വീണ്ടും വർധമാനപുരത്തേക്കു തന്നെ പോവുക, അവിടെ വലിയൊരു വ്യാപാരിയുണ്ട്, അദ്ദേഹത്തിനു രണ്ടു പുത്രന്മാരും. ഒരു മകന്റെ പേരു ഗുപ്തധനൻ. മറ്റെയാൾ ഉപഭുക്തധനൻ. നീ അവരെ രണ്ടുപേരെയും അവരുടെ ജീവിതരീതിയും നോക്കിമനസ്സിലാക്കുക.

അനുഭവിക്കാതെ വച്ചിരിക്കുന്ന ധനംകൊണ്ടു പ്രയോജനം ഉണ്ടെന്നു കാണുന്നപക്ഷം നിന്നെ ഞാൻ ഗുപ്തധനൻ ആക്കാം. അഥവാ ധനം വേണ്ടവിധം ഉപയോഗിച്ചു ജീവിക്കുന്നതാണ് ഉത്തമമെന്നു കാണുന്നതെങ്കിൽ നിന്നെ ഞാൻ ഉപഭുക്തധനനാക്കാം.”

സോമാലികൻ വീണ്ടും വർധമാനപുരത്തേക്കു തിരിച്ചു. സന്ധ്യയോടെ അവിയെത്തിയ സോമാലികൻ, ഗുപ്തധനന്റെ വീടു തേടിപ്പിടിച്ച് അവിടെയെത്തി. ഗുപ്തധനൻ പക്ഷേ, സോമാലികനെ സ്വീകരിച്ചില്ല. എങ്കിലും സോമാലികൻ ദീനഭാവം നടിച്ച് ആ വീട്ടിൽ കടന്നുകൂടി. രാത്രിയായപ്പോൾ കിട്ടിയ അല്പം ഭക്ഷണവും കഴിച്ച് അയാൾ അവിടെക്കിടന്ന് ഒരുവിധം നേരം വെളുപ്പിച്ചു.

രാത്രിയിൽ സോമാലികൻ ദേവപുരുഷമാരുടെ സംസാരം കേട്ടു. ഒരാൾ പറയുകയാണ്.

“ഗുപ്തധനൻ ഇപ്പോൾ ചെയ്തത് അധിക ചിലവാണ്. അയാൾ സോമാലികനു ഭക്ഷണം കൊടുക്കേണ്ടതില്ലായിരുന്നു. അങ്ങാണ് അയാളെ അതിനു പ്രേരിപ്പിച്ചത്.”

അപ്പോൾ മറ്റെ ദേവൻ പറഞ്ഞു.

“മനുഷ്യനു ലഭിക്കേണ്ടതു ലഭിക്കണം. അതുമാത്രമേ ഞാൻ ചെയ്തുള്ളൂ.”

നേരം പുലർന്നു. ഉണർന്നപ്പോഴേ സോമാലികൻ, ഗുപ്തധനനെ അന്വേഷിച്ചു. അയാൾക്കു പനിപിടിച്ചുകിടപ്പാണത്രെ. സാരമില്ല; രണ്ടുനേരത്തെ ഉപവാസംകൊണ്ടു ഭേദമാകും. തലേദിവസം സോമാലികനു കൊടുത്തചോറ്, രണ്ടുനേരത്തെ ഉപവാസംകൊണ്ടു ഗുപ്തധനനു ലാഭമായി!

സോമാലികൻ, ഗുപ്തധനന്റെ വീട്ടിൽനിന്നും പുറപ്പെട്ടു. അയാൾ ഉപഭുക്തധനന്റെ വീടു കണ്ടെത്തി അവിടെ കയറി. ഗുപ്തധനനെപ്പോലെ ആയിരുന്നില്ല ഉപഭുക്തധനൻ. അദ്ദേഹം സോമാലികനെ സന്തോഷത്തോടെ സ്വീകരിച്ചു. വേണ്ടവിധം സത്ക്കരിച്ചു. ഉറങ്ങാനായി കട്ടിലും മെത്തയുമൊക്കെ നല്കി.

അവിടെക്കിടന്നു സോമാലികൻ ഉറക്കമായി. അപ്പോഴതാ വീണ്ടും ദേവന്മാരുടെ സംസാരം. ആദ്യത്തെ ദേവൻ പറയുകയാണ്.

“ഉപഭുക്തധനൻ സോമാലികനെ സത്ക്കരിക്കുന്നതിനു വേണ്ടി ധാരാളം പണം ചെലവഴിച്ചു. താൻ ആണ് ഉപഭുക്തധനനെ പ്രേരിപ്പിച്ചത്. ആ പണം അയാൾക്കു കിട്ടിയേതീരൂ.”

“അതൊന്നും എനിക്കറിയേണ്ട. ഞാൻ കൊടുക്കാനുള്ളതു കൊടുത്തു, അത്രതന്നെ. ഇനിയെല്ലാം താങ്കളുടെ കാര്യം” -രണ്ടാമൻ പറഞ്ഞു.

പുലർച്ചെ തന്നെ സോമാലികൻ ഉണർന്നു. അയാൾ പൂമുഖത്തെത്തി. അതാ രണ്ടു രാജദൂതന്മാർ ഭാണ്ഡങ്ങളും തോളിലേറ്റിവരുന്നു. അവർ നേരെ ഉപഭുക്തധനന്റെ മുന്നിലെത്തിയിട്ടു പറഞ്ഞു.

“അങ്ങയുടെ ധാർമിക ജീവിതവും ദാനശീലവും കണ്ടു സന്തുഷ്ടനായ രാജാവ് അങ്ങേക്കായി തന്നയച്ചതാണ് ഈ ധനമത്രയും, സ്വീകരിച്ചാലും.”

ഇതൊക്കെ കണ്ടുകൊണ്ടു നിന്നിരുന്ന സോമാലികന് ഒരുകാര്യം ബോധ്യമായി. ധനം കൊണ്ടുള്ള ഉപയോഗം ദാനവും ഭക്തിയുമാണ്.

വിധി എന്നെ ഭക്തനും ദാനശീലനും ആക്കിത്തീർക്കട്ടെ- സോമാലികൻ പ്രാർത്ഥിച്ചു.

# ചിത്രകലയിലെ അത്ഭുതബാലൻ

*പ്രിയ കൂട്ടുകാരേ,*

ജന്മസിദ്ധമായ കഴിവുകളോടെയാണു നാം ഓരോരുത്തരും ഈ ഭൂമിയിൽ പിറന്നു വീഴുന്നത്. ചിലർക്കു പാടാനുള്ള കഴിവ്, മറ്റു ചിലർക്കു നൃത്തം ചെയ്യാനുള്ള കഴിവ്, വേറൊരു കൂട്ടർക്കു ചിത്രങ്ങൾ വരക്കാനുള്ള കഴിവ്, ഇനിയും ചിലർക്കു കഥയും കവിതയുമൊക്കെ രചിക്കാനുള്ള കഴിവ്. പക്ഷേ, കഴിവുണ്ടായതു കൊണ്ടുമാത്രം ആരും മിടുക്കരാകുന്നില്ല. ജന്മസിദ്ധമായി കിട്ടുന്ന നുറുങ്ങുവെട്ടത്തെ വലിയൊരു നിലാവെട്ടമാക്കി മാറ്റാൻ കഴിയുമ്പോഴാണു നമ്മുടെ മിടുക്കും വൈഭവവും ലോകം അറിയുന്നത്.



*യേശുദാസ്*



*സുകുമാർ അഴീക്കോട്*



*മമ്മൂട്ടി*

യേശുദാസിനു ജന്മസിദ്ധമായി കിട്ടിയതു പാടാനുള്ള കഴിവായിരുന്നു. മമ്മൂട്ടിക്ക് അഭിനയിക്കാനുള്ള വാസനയാണ് ഉണ്ടായത്. സുകുമാർ അഴീക്കോടിനു പ്രസംഗിക്കാനുള്ള വൈഭവമാണു കിട്ടിയത്. അവരെല്ലാം തങ്ങൾക്കു കിട്ടിയ കഴിവുകളെ വളർത്തിയെടുക്കാൻ രാപകലില്ലാതെ പാടുപെട്ടു. നിരന്തരമായ പരിശ്രമത്തിലൂടെ വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറി. അവർ പ്രശസ്തിയുടെ മഹാഗോപുരങ്ങൾ കീഴടക്കി.

ജന്മസിദ്ധമായ കഴിവിനെയാണു നാം 'സിദ്ധി' എന്നു വിശേഷിപ്പിക്കുന്നത്. സിദ്ധിയെ നാം 'സാധന'കൊണ്ടു വളർത്തിവലുതാക്കണം. നിരന്തരമായ പരിശ്രമമാണു 'സാധന' എന്ന വാക്കിൽ അടങ്ങിയിട്ടുള്ളത്.

കൊച്ചിയ്ക്കടുത്തു തേവരയിൽ കുറേക്കാലം മുമ്പു ക്ലിന്റ് എന്നു പേരുള്ള ഒരു ബാലൻ ജീവിച്ചിരുന്നു. അവന്റെ മനസ്സു നിറയെ മഴവില്ലിന്റെ നിറക്കൂട്ടുകളായിരുന്നു.

ഒരിക്കലും കണ്ടിട്ടില്ലാത്ത പക്ഷികളേയും മൃഗങ്ങളേയും പുരാണകഥാപാത്രങ്ങളെയും അതീവതന്മയത്വത്തോടെ അവൻ കടലാസിൽ പകർത്തിവച്ചു. നിറങ്ങുന്ന പ്രായത്തിൽ കയ്യിൽ കിട്ടിയ കല്ലിൻകഷണങ്ങൾകൊണ്ടു വീടിന്റെ ചുമരിൽ തോന്നുന്നതൊക്കെ വരച്ചുവച്ചു. പിച്ചവച്ചു തുടങ്ങിയപ്പോൾ ചോക്കും ക്രയോണും ഉപയോഗിച്ചു കൺമുന്നിൽ കണ്ടതെല്ലാം മനോഹരമായി ചിത്രീകരിച്ചു.

ആരുടേയും ഉപദേശമോ സഹായമോ ഇല്ലാതെയാണു ക്ലിന്റ് നിറക്കൂട്ടുകൾ ചാലിച്ചെടുത്തിരുന്നത്. അടുക്കളയിലെ ജനൽ കമ്പികളിൽ പിടിച്ചു സന്ധ്യാസമയത്തെ ആകാശം നോക്കി നില്ക്കുക ഈ കൊച്ചു മിടുക്കന്റെ പതിവായിരുന്നു. ഇടിയും മഴയുമുള്ളപ്പോൾ അവൻ ജനൽപ്പാളികൾ തുറന്നിട്ടു മിന്നൽപിണറുകൾ പുളയുന്നതും മഴപെയ്യുന്നതും നോക്കി കണ്ണുപൂട്ടാതെയിരിക്കും.

അച്ഛനമ്മമാർ പറഞ്ഞുകൊടുത്ത കഥകൾ ശ്രദ്ധയോടെ കേട്ട് അവൻ ഗണപതിയുടെയും ശിവന്റെയും കർണന്റെയും മറ്റും ചിത്രങ്ങൾ തന്മയത്വത്തോടെ മെനഞ്ഞെടുത്തിരുന്നു.

ഒറ്റയിരുപ്പിനു നൂറുചിത്രങ്ങൾ വരച്ച ദിവസങ്ങളും ഉണ്ടായിട്ടുണ്ട്. ചിത്രം വരച്ചുകൊണ്ടിരിക്കുമ്പോൾ ആരും തന്റെ മുറിയിൽ വരരുതെന്നു ക്ലിന്റിനു നിർബന്ധമുണ്ടായിരുന്നു. അച്ഛനമ്മമാർപോലും അവൻ ഉറങ്ങിയശേഷമാണ് അന്നന്നുവരച്ച ചിത്രങ്ങൾ നോക്കിക്കണ്ടിരുന്നത്.

ക്ലിന്റിന്റെ അച്ഛൻ ജോസഫും അമ്മ ചിന്നമ്മയും ആകാവുന്ന എല്ലാസഹായങ്ങളും ചിത്രകാരനായ മകനു ചെയ്തുകൊടുക്കുമായിരുന്നു. ചിത്രം വരക്കുന്ന സമയത്തു പാട്ടുകേട്ടുകൊണ്ടിരിക്കാൻ അവനു വലിയ ഇഷ്ടമായിരുന്നു. കുരുന്നു പ്രായത്തിൽതന്നെ മൂത്രാശയരോഗം ഈ മഹാപ്രതിഭയെ പിടികൂടി. മഴവില്ലിന്റെ വർണങ്ങൾ ചായം ചാലിച്ചെടുത്ത ആ മാലാഖക്കുഞ്ഞ് ആറരവയസിൽ വാനമേഘങ്ങൾക്കിടയിലെവിടെയോ ഒളിച്ചു.

എത്രകാലം ജീവിച്ചു എന്നതിലല്ല. ജീവിച്ചിരുന്നകാലം എങ്ങനെ മഹത്തരമാക്കി എന്നതിലാണു നമ്മുടെ ജീവിതവിജയം കുടികൊള്ളുന്നത്.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

ബാലകവിത

## പൂമ്പാറ്റ



**പലനിറമുള്ള പൂമ്പാറ്റകൾ**
**ഏഴഴകുള്ള പൂമ്പാറ്റകൾ**
**പൂക്കാലം വന്നു; പൂമ്പാറ്റകളും**
**പൂക്കാലം വന്നു; പൂമ്പാറ്റകളും**
**പാറി നടക്കും പൂമ്പാറ്റകൾ**
**പൂക്കളിലെ തേൻനുകരുന്ന**
**പൂമ്പാറ്റകൾ**



**അനില ലിസ് ജോസ്**
*അൽഫോൻസ റസിഡൻഷ്യൽ സ്കൂൾ*
*ഭരണങ്ങാനം*

# ശങ്കരാചാര്യർ ഭാരതത്തിന്റെ ദാർശനിക വിസ്മയം

**വേ**ദാന്തശാഖയായ അദ്വൈതം എന്ന തത്വചിന്താപദ്ധതിയുടെ സംസ്ഥാപകനാണു ശങ്കരാചാര്യർ. ആദിശങ്കരൻ, ശ്രീശങ്കരൻ, ശങ്കരഭഗവദ്പാദർ എന്നീ പേരുകളിലെല്ലാം അദ്ദേഹം അറിയപ്പെടുന്നു. വിഘടിച്ചുനിന്ന ഹൈന്ദവ വിശ്വാസരീതികളെ അദ്വൈതസിദ്ധാന്തത്തിന്റെ കുടക്കീഴിൽ ഒരുമിപ്പിക്കാൻ ശങ്കരാചാര്യർക്കു കഴിഞ്ഞു. മുപ്പത്തിരണ്ടു വർഷം മാത്രം നീണ്ടുനിന്ന തന്റെ ഹ്രസ്വ ജീവിതത്തിനിടയിൽ ഒന്നിലേറെത്തവണ ഭാരതപര്യടനം നടത്തി. അസാമാന്യ യുക്തിശക്തിയും പാണ്ഡിത്യവും കൊണ്ട് എതിരാളികളെയെല്ലാം വാദത്തിൽ തോല്പിച്ചു സർവജ്ഞ



ശൃംഗേരി

പീഠം കയറിയ മഹാനാണു ശങ്കരാചാര്യർ.

എറണാകുളം ജില്ലയിൽ പെരിയാറിന്റെ തീരത്തുള്ള കാലടിയിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽ എ.ഡി. 788ൽ ശങ്കരാചാര്യർ ജനിച്ചു. മാതാപിതാക്കളുടെ ഏക പുത്രനായിരുന്നു അദ്ദേഹം. എട്ടാം വയസിൽ ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കി. തർക്കശാസ്ത്രം, സാംഖ്യദർശനം, പതഞ്ജലിയുടെ യോഗശാസ്ത്രം, ഭട്ടമീമാംസ തുടങ്ങിയ ഹിന്ദു തത്വചിന്താപദ്ധതികൾ പഠിച്ചു.

സന്യാസത്തോടുള്ള ആഭിമുഖ്യം ചെറുപ്പത്തിലേ മനസിലുറച്ചിരുന്നു. അദ്ദേഹം മാതാവിന്റെ മരണസമയത്തു തിരിച്ചെത്തിക്കൊള്ളാമെന്നു വാക്കുകൊടുത്തു സന്യാസത്തിനു യാത്രയായി. നർമദാതീരത്തെത്തിയ ശങ്കരാചാര്യർ ഗോവിന്ദപാദന്റെ ശിഷ്യനായി വേദാന്തം പഠിച്ചു. പിന്നീടു കാശിയിലെത്തി സന്യാസം സ്വീകരിച്ചു. തിരികെ ശൃംഗേരിയിലെത്തിയ അദ്ദേഹം അവിടെ ഒരു മഠം സ്ഥാപിച്ചു.

മാതാവിന്റെ മരണസമയമടുത്തപ്പോൾ തിരിച്ചെത്തിയ ശങ്കരാചാര്യർ മരണാനന്തര ചടങ്ങുകൾക്കുശേഷം വീണ്ടും യാത്രയായി. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ സഞ്ചരിച്ചു. വിവിധ പദ്ധതികളിൽപെട്ട തത്വചിന്തകരെയും പണ്ഡിതരെയും വാദപ്രതിവാദത്തിൽ പരാജയപ്പെടുത്തി. അറിയപ്പെട്ടിരുന്നവരിൽ ഏറ്റവും വലിയ പണ്ഡിതനായിരുന്ന മണ്ഡനമിശ്രനെ വാദത്തിൽ തോല്പിച്ച് അദ്വൈത സിദ്ധാന്തം അംഗീകരിപ്പിച്ചു. മണ്ഡനമിശ്രനും മഹാപണ്ഡിതയായിരുന്ന ഭാര്യയും ശങ്കരശിഷ്യത്വം സ്വീകരിച്ചു. കാശ്മീരിലെത്തിയ



ആദിശങ്കരന്റെ പ്രതിമ

അദ്ദേഹം ശ്രീനഗറിൽ വിജ്ഞാനദേവതയായ ശാരദാംബയുടെ ക്ഷേത്രത്തിലെത്തി സർവജ്ഞപീഠം കയറി. ശൃംഗേരിക്കു പുറമെ ബദരീനാഥ്, ദ്വാരക, പുരി എന്നിവിടങ്ങളിലും സന്യാസിമഠങ്ങൾ സ്ഥാപിച്ചു. താൻ സ്ഥാപിച്ച നാലു മഠങ്ങളിലും തന്റെ ശിഷ്യരെ മഠാധിപതികളായി നിയോഗിച്ചു. പിന്നീടു കാഞ്ചീപുരത്തുള്ള കാഞ്ചിമഠത്തിലെത്തിയ ശങ്കരാചാര്യരുടെ ജീവിതാന്ത്യം 822ൽ അവിടെ വച്ചു സംഭവിച്ചെന്നു കരുതപ്പെടുന്നു.



ബദരീനാഥ്

## വേദാന്തം

ഭാരതീയ തത്വചിന്തയിലെ ഒരു ശാഖയാണു വേദാന്തം. വേദത്തിന്റെ അന്തം എന്ന നിലയിലും വേദസാരസംഗ്രഹം എന്ന നിലയിലും ഉപനിഷത്തുകളെ വേദാന്തം എന്നു വിളിക്കുന്നു. ഉപനിഷത്തുകളിലെ തത്വചിന്തയുടെ സംഗ്രഹമാണു വേദാന്തം. ബാദരായണൻ രചിച്ച ബ്രഹ്മസൂത്രമാണു വേദാന്തചിന്തയുടെ അടിസ്ഥാനം. ശങ്കരാചാര്യർ, രാമാനുജൻ, മാധ്വർ തുടങ്ങിയവരെല്ലാം ബ്രഹ്മസൂത്രത്തിനു ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്. ഓരോരുത്തരുടെയും ഭാഷ്യങ്ങൾ തികച്ചും വ്യത്യസ്തമാണ്. ഇതിൽ ശങ്കരാചാര്യർ ആവിഷ്ക്കരിച്ച വേദാന്തമാണ് അദ്വൈതം.

## അദ്വൈതം

ബ്രഹ്മമാണു സത്യം, ജഗത് മിഥ്യയാണ്, ജീവൻ ബ്രഹ്മത്തിൽനിന്നു ഭിന്നമല്ല എന്നു വാദിക്കുന്ന ഭാരതീയദർശനമാണ് അദ്വൈതം. അദ്വൈതത്തിന്റെ അടിസ്ഥാന ആശയങ്ങൾ ഋഗ്വേദത്തിൽ കാണാം. അദ്വൈത ദർശനം പൂർണതയെ പ്രാപിക്കുന്നത് ഉപനിഷത്തുകളിലാണ്.



*ആദിശങ്കരനും ശിഷ്യന്മാരും രാജാ രവിവർമയുടെ ഭാവനയിൽ*



*കാലടിയിലെ ശങ്കരാചാര്യ സ്മൃതിമണ്ഡപം*

യഥാർത്ഥമായ തത്വത്തിന്റെ ജ്ഞാനം ഒന്നുകൊണ്ടു മാത്രമേ യഥാർത്ഥ സുഖം കൈവരികയുള്ളു എന്ന് ഉപനിഷത്തുകൾ ദൃഢമായി പ്രഖ്യാപിക്കുന്നു. അറിയപ്പെടേണ്ട ആ തത്വം ഏത്? ബ്രഹ്മം. അതിന് പരമാത്മാവ് എന്നും ഉപനിഷത്തുകളിൽ പറയുന്നു. ഭാരതീയ ദർശനത്തിന്റെ രണ്ടു നെടുംതൂണുകളാണിവ.

യാതൊന്നിൽ നിന്നാണോ പ്രപഞ്ചം വളർന്നു വികസിച്ചിട്ടുള്ളത് അതാണു ബ്രഹ്മം. ബാഹ്യ പ്രപഞ്ചത്തെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുമ്പോൾ എത്തിച്ചേരുന്നതു ബ്രഹ്മത്തിലാണ്. പരമസത്യത്തെ അറിയാൻ രണ്ടാമതൊരു വഴിയും കൂടിയുണ്ട്. അതാണ് അന്തർനിരീക്ഷണം. അന്വേഷണം ആ വഴിയിൽകൂടി പോകുമ്പോൾ ആത്മാവ് എന്ന തത്വത്തിൽ എത്തിച്ചേരുന്നു. ആത്മാവാണു വ്യക്തിയുടെ ആന്തരികസത്ത. ഇവ രണ്ടും തത്വത്തിൽ ഒന്നാണെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു ഉപനിഷത്തുകൾ. ഈ സത്യത്തെ 'അത് നീയാണ്' (തത്ത്വമസി), ഞാൻ ബ്രഹ്മമാണ് (അഹം ബ്രഹ്മസ്മി) തുടങ്ങിയ മഹാവാക്യങ്ങളിൽകൂടി ഉപനിഷത്തുകൾ വെളിപ്പെടുത്തിത്തരുന്നു.

അദ്വൈത സിദ്ധാന്തത്തിനു ഭാരതീയദർശനങ്ങളുടെ ഇടയിൽ സംപൂജ്യമായ സ്ഥാനം നേടിക്കൊടുത്തതു ശങ്കരാചാര്യരാണ്. പ്രസ്ഥാനത്രയത്തിന്റെയും പതിനൊന്ന് ഉപനിഷത്തുകളുടെയും വ്യാഖ്യാനങ്ങളിലൂടെയും, ഉപദേശ സാഹസ്രി, വിവേകചൂഡാമണി, ശതശ്ലോകി തുടങ്ങിയ കൃതികളിലൂടെയും അദ്വൈത തത്വങ്ങളെ അവതരിപ്പിച്ച അദ്ദേഹം മഠങ്ങൾ സ്ഥാപിച്ച് അദ്വൈത വേദാന്തത്തിനു പ്രായോഗികമായ ഒരു പശ്ചാത്തലവും സൃഷ്ടിച്ചു. നൂറ്റിപ്പന്ത്രണ്ടോളം കൃതികൾ ശങ്കരാചാര്യർ രചിച്ചിട്ടുണ്ട്.

*21 -ാം പേജിൽ നിന്നു തുടർച്ച*

എൻ.വി.കൃഷ്ണവാര്യർ അത്തരം പരിമിതവിഭവന്മാരായ നിരൂപകരിൽ നിന്നും ഭിന്നനായിരുന്നതിനാലാവണം മാതൃഭൂമിയിൽ അദ്ദേഹത്തിന്റ പല കഥകൾക്കും ഇടം കിട്ടിയത്. പ്രേതഭാഷണം, അരുന്ധതീദർശന ന്യായം, കാവൽഭൂതം, നിരവത്തുകല്യാണി, ഭ്രാന്ത് തുടങ്ങിയ കഥകളെ അവഗണിച്ചുകൊണ്ടു മലയാളകഥയുടെ ചിത്രം എങ്ങനെയാണു നമുക്കു രേഖപ്പെടുത്താനാവുക?

ജീവിതപരിസരം തന്നെയാണ് അയ്യപ്പന്റെ കഥകളിൽ നിറഞ്ഞുനില്ക്കുന്നത്. അനുഭവങ്ങളുടെ വിചിത്രലോകം പ്രേതങ്ങളായും ബാധകളായും കഥകളിലേക്കു സംക്രമിക്കുന്നു. ഒരേസമയം മറഞ്ഞും തെളിഞ്ഞും നില്ക്കുന്ന ജാതിയുടെ ബാധ്യതകളെ തന്റെ കഥകളിലൂടെ മൂർത്തമായ അനുഭവമാക്കി മാറ്റുകയായിരുന്നു അയ്യപ്പൻ. ആധുനികതാഘട്ടത്തിൽ പൂർണമായും അവഗണിക്കപ്പെട്ട അയ്യപ്പനെ നല്ല വായനക്കാർ പലരും ആധുനികാനന്തരതയിൽ കണ്ടെത്തിയെന്നത് ആശ്വാസകരമാണ്. അപ്പോഴും വേണ്ടവിധത്തിലുള്ള പഠനം അയ്യപ്പന്റെ കഥാപ്രപഞ്ചത്തെക്കുറിച്ച് ഇനിയും ഉണ്ടാവേണ്ടതാണെന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു.

## കളിയിൽ അല്പം കാര്യം

കളിയെ കളിയായും കാര്യത്തെ കാര്യമായും കാണുന്നതാണ് ഉചിതമെന്നത് എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. എന്നിരിക്കിലും കളി ചിലപ്പോഴൊക്കെ ചില കാര്യങ്ങളിലേക്കു നമ്മുടെ ശ്രദ്ധയെ പിടിച്ചുകൊണ്ടു പോകാറുണ്ട്.

ഇന്ത്യൻ ക്രിക്കറ്റ് ടീം ഇംഗ്ലണ്ടിൽ പോയി എട്ടുനിലയിൽ പൊട്ടിയിരിക്കുകയാണ്. ഞെളിഞ്ഞു തലയുയർത്തി വിമാനം കയറിയ ഒന്നാം നമ്പർ ടീം മൂന്നാം നമ്പറായാണു തിരികെ വണ്ടി കയറിയത്. ടീം ഇന്ത്യ നാണം കെട്ട് അവശനിലയിലെത്തിയെന്നു മാധ്യമങ്ങൾ പറയുന്നു. ധോനിയെന്ന ക്യാപ്റ്റനെ വാനോളം പുകഴ്ത്തുകയും ആ തലയിൽ എന്താണെന്നറിയാൻ ഗവേഷണത്തിനിറങ്ങുകയും ചെയ്ത റാഞ്ചി ഐ.ഐ.ടിയിലെ പ്രതിഭകൾ ഇപ്പോൾ തലയിൽ മുണ്ടിട്ടാണു നടപ്പ്! അഹങ്കാരം തലയ്ക്കുപിടിച്ചതിന്റെ റിസൾട്ടാണ്



**അഹന്തയോ അവിവേകമോ ?**

> ഞെളിഞ്ഞു തലയുയർത്തി വിമാനം കയറിയ ഒന്നാം നമ്പർ ടീം മൂന്നാം നമ്പറായാണു തിരികെ വണ്ടികയറിയത്. ടീം ഇന്ത്യ നാണം കെട്ട് അവശനിലയിലെത്തിയെന്നു മാധ്യമങ്ങൾ പറയുന്നു. ധോനിയെന്ന ക്യാപ്റ്റനെ വാനോളം പുകഴ്ത്തുകയും ആ തലയിൽ എന്താണെന്നറിയാൻ ഗവേഷണത്തിനിറങ്ങുകയും ചെയ്ത റാഞ്ചി ഐ.ഐ.ടിയിലെ പ്രതിഭകൾ ഇപ്പോൾ തലയിൽ മുണ്ടിട്ടാണു നടപ്പ്!

ഇംഗ്ലണ്ടിൽ കണ്ടത്. ഔട്ടായ ബാറ്റ്സ്മാനെ തിരികെ വിളിച്ചു കളിക്കാർക്കിടയിൽ മാന്യബിംബമായി മാറ്റുന്ന നായകനെയും ഈ പര്യടനം നമുക്കു കാണിച്ചു തന്നു.

ധോനിയുടെ ചെയ്തിയെപ്പറ്റി ആർക്കും പരാതിയില്ല. 28 വർഷങ്ങൾക്കു ശേഷം ലോകകപ്പ് ഇന്ത്യയിലെത്തിച്ച മഹാനായതിനാലാവണം വിമർശനം നടത്തിയവർ പോലും മൃദുവായ സമീപനം സ്വീകരിക്കുന്നതാണു കണ്ടത്. ഇതേ കാര്യം തന്നെ യുവ്രാജ്സിങ്ങോ, ഹർഭജൻ സിങ്ങോ, സുരേഷ് റെയ്നയോ ചെയ്താൽ കോഴവാങ്ങിയോ എന്നു സംശയിക്കുന്ന മാധ്യമലോകം ഇവിടെ നിശ്ശബ്ദത പാലിച്ചു.

പണ്ടു ക്രിക്കറ്റ് പ്രേമികൾ നെഞ്ചേറ്റിയ രണ്ടു പ്രതിഭകളായിരുന്നു അസ്സറുദീനും, അജയ് ജഡേജയും. ലോകകപ്പു സെമിയിൽ വഖാർ യൂനിസിനെ സിക്സറിനു പറത്തിയതോടെയാണു ജഡേജ ഇന്ത്യൻ ടീമിലെ അവിഭാജ്യഘടകമായി മാറിയത്. അസ്സറുദീനാകട്ടെ മുൻ നായകന്മാരെക്കാൾ ഭേദപ്പെട്ട പ്രകടനത്തിലേക്കു ടീമിനെ നയിച്ചതിന്റെ പേരിലാണു വാഴ്ത്തപ്പെട്ടത്. ഈ രണ്ടു പേരുമാണു പിന്നീടു കോഴക്കേസിൽ ടീമിനും നാടിനും വേണ്ടാത്തവരായി മാറിയതും.

അസ്വാഭാവികത തെല്ലുമില്ലാത്ത പെരുമാറ്റമായിരുന്നു കളിക്കളത്തിൽ അസ്സറും ജഡേജയും പിന്തുടർന്നത്. അതുകൊണ്ടാണു ടീമിന്റെ ഭാഗമായി നിന്നുകൊണ്ട് ഏറെക്കാലം രാജ്യത്തെ വഞ്ചിക്കാൻ അവർക്കായത്. അവർ എളുപ്പത്തിൽ പിടിയിലാകാഞ്ഞതിന്റെ രഹസ്യവും ഈ അഭിനയമായിരുന്നു. ഇവിടെയാകട്ടെ പ്രകടമായ അസ്വഭാവികത ധോനിയുടെ പെരുമാറ്റത്തിൽ കാണുന്നു. എന്നിട്ടും ആർക്കും സംശയമില്ല.

കളിക്കാരുടെ ഇത്തരം ചെയ്തികൾ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ഗൗരവമായിത്തന്നെ കാണണം. ഇത്തരം ചെയ്തികൾക്കു പിന്നിൽ ധോനിയുടെ നിഷ്കളങ്ക മനസ്സാണോ പ്രവർത്തിച്ചതെന്ന് അന്വേഷിക്കണം. ഉത്തരം ശുദ്ധനായ ഒരു നായകനെയാണു കാണിച്ചു തരുന്നതെങ്കിൽ ഒരുകാര്യം നമുക്കുറപ്പിക്കാം. ആ തലയിൽ കളിമണ്ണു തന്നെ......!!!

# ഇടതുഗവൺമെണ്ടിനു ക്രിയാത്മക വികസനനയം ഉണ്ടായിരുന്നില്ല

## കെ.എം.മാണി

ഇടതുപക്ഷ ഗവൺമെണ്ട് കേരളത്തെ 78000 കോടി രൂപയുടെ കടക്കെണിയിലാക്കിയെന്നും, കടം വാങ്ങിയ പണം ഉത്പാദനക്ഷമമല്ലാത്ത മേഖലകളിൽ ചെലവഴിച്ചതു കേരളത്തിന്റെ ഭാവി വികസനത്തെ ബാധിക്കുമെന്നും കേരളാ കോൺഗ്രസ് (എം) ചെയർമാൻ, ധനമന്ത്രി കെ.എം.മാണി കുറ്റപ്പെടുത്തി. ആഗസ്റ്റ് 12, 13 തീയതികളിൽ ചരൽക്കുന്നിൽനടന്ന പാർട്ടി സംസ്ഥാന ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.



*കേരള കോൺഗ്രസ് സംസ്ഥാന ക്യാംപ് പാർട്ടി ചെയർമാൻ മന്ത്രി കെ.എം.മാണി ഉദ്ഘാടനം ചെയ്യുന്നു. ജോയി ഏബ്രഹാം, റോഷി അഗസ്റ്റിൻ എംഎൽഎ, തോമസ് ഉണ്ണിയാടൻ എംഎൽഎ, ഡോ.കെ.സി.ജോസഫ്, ടി.എസ്.ജോൺ, മന്ത്രി പി.ജെ.ജോസഫ്, പി.ടി.ജോസ്, ജോസ് കെ.മാണി, തോമസ് ജോസഫ്, ടി.യു.കുരുവിള, എൻ.ജയരാജൻ എം.എൽ.എ, ഫ്രാൻസിസ് ജോർജ്, വിക്ടർ ടി.തോമസ് എന്നിവർ സമീപം.*

എൽഡിഎഫ് ഭരണത്തിൽ കേരളം വളരെ പിന്നിലായി. അവർക്കു ക്രിയാത്മകമായ കാഴ്ചപ്പാടുണ്ടായിരുന്നില്ല. വർധിച്ചുവരുന്ന ചെലവുകൾക്കനുസൃതമായി വരുമാനമാർഗങ്ങൾ കണ്ടെത്തുന്നതിൽ അവർ പരാജയപ്പെട്ടു. വികസനപദ്ധതികൾ കൊണ്ടല്ല വാചകകസർത്തുകൾ കൊണ്ടാണവർ ജനക്ഷേമം കൈവരുത്താൻ ശ്രമിച്ചത്. എൽഡിഎഫിന്റെ കുത്സിതനയങ്ങൾ ജനം തിരിച്ചറിയും.

പബ്ലിക്ക്, പ്രൈവറ്റ്, പഞ്ചായത്ത് സഹകരണത്തോടെ കേരളത്തിന്റെ വികസനം പുതിയ കാഴ്ചപ്പാടിലേക്കു നീങ്ങണമെന്നാണു യു.ഡി.എഫ് സർക്കാരിന്റെ ആഗ്രഹം. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളത്തെ നിക്ഷേപസൗഹൃദസംസ്ഥാനമായും വിജ്ഞാനകേന്ദ്രമായും വളർത്തിയെടുക്കണം. നിക്ഷേപം വർധിപ്പിച്ചു സംസ്ഥാനത്തിന്റെ വ്യാവസായിക വികസനം നേടിയെടുക്കുകയാണു ലക്ഷ്യം. കടം വാങ്ങാനല്ല നിക്ഷേപങ്ങൾ കൊണ്ടുവരാനാണു യു.ഡി.എഫ് ശ്രമിക്കുന്നത്.

പാമോയിൽ കേസിൽ പുനരന്വേഷണം വേണമെന്നു കോടതി നിർദേശിച്ചതിന്റെ പേരിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി രാജിവയ്ക്കേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ സർക്കാർ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തി അഭിപ്രായം തേടിയെന്ന ആരോപണത്തിൽ കഴമ്പില്ല. അഥവാ സർക്കാർ ഉപദേശം തേടിയാൽ തന്നെ അതിൽ അസ്വാഭാവികതയൊന്നുമില്ല. സർക്കാരിനു നിയമോപദേശം തരേണ്ടയാളാണ് അഡ്വക്കേറ്റ് ജനറൽ.

തരുൺദാസിനെ ആസൂത്രണ ബോർഡിലേക്കു നാമനിർദേശം ചെയ്തതു തെറ്റായിപ്പോയെന്നാണു സിപിഎമ്മിന്റെ നിലപാട്. പശ്ചിമബംഗാളിൽ മുൻ കമ്യൂണിസ്റ്റു ഗവൺമെണ്ട് പോലും അംഗീകരിക്കുകയും ആശ്രയിക്കുകയും ചെയ്തിട്ടുള്ള ആസൂത്രണ വിദഗ്ധനാണു തരുൺദാസ്. അദ്ദേഹത്തെ കേരളം സ്വീകരിച്ചതിൽ യാതൊരപാകതയുമില്ല. കേരളത്തിലെ അധ്യാപക സമൂഹത്തിനാകമാനം ആശ്വാസകരമായ വിദ്യാഭ്യാസ പാക്കേജാണു യുഡിഎഫ് ഗവൺമെണ്ട് പ്രഖ്യാപിച്ചിരിക്കുന്നത്. അതിനെയും ആക്ഷേപിക്കുകയാണു പ്രതിപക്ഷം. ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ അവരുമായി കൂടുതൽ ചർച്ചകൾ നടത്താൻ സർക്കാർ തയ്യാറാണ്.

വർക്കിംഗ് ചെയർമാൻ, മന്ത്രി പി.ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ പി.സി.ജോർജ്, ജോസ് കെ.മാണി എം.പി, ഡോ.കെ.സി. ജോസഫ്, ടി.യു.കുരുവിള എംഎൽഎ, ടി.എസ്.ജോൺ, കെ.ഫ്രാൻസിസ് ജോർജ്, പി.ടി.ജോസ്, മോൻസ് ജോസഫ് എംഎൽഎ, തോമസ് ഉണ്ണിയാടൻ എംഎൽഎ, റോഷി അഗസ്റ്റിൻ എംഎൽഎ, എൻ. ജയരാജ് എംഎൽഎ, തോമസ് ചാഴികാടൻ, ജോയി ഏബ്രഹാം, പ്രൊഫ. ഡി.കെ. ജോൺ, കുഞ്ഞുകോശി പോൾ, വിക്ടർ ടി.തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

## അഴിമതിക്കെതിരെ യുവശക്തി ഉണരണം

ജോസ് കെ.മാണി എം.പി



സമൂഹത്തിൽ സാർവ്വത്രികമാകുന്ന അഴിമതി ഇല്ലായ്മ ചെയ്യുവാൻ യുവശക്തി ഉണരണമെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ജോസ് കെ.മാണി എം.പി ആഹ്വാനം ചെയ്തു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ഗാന്ധി പ്രതിമയ്ക്കു മുമ്പിൽ നടത്തിയ അഴിമതി വിരുദ്ധ പ്രതിജ്ഞ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ, യൂത്ത് ഫ്രണ്ട് (എം) ഭാരവാഹികളായ ഷാജി പാമ്പൂരി, അഡ്വ. പ്രിൻസ് ലൂക്കോസ്, സാജൻ തൊടുക, അഡ്വ.സാജൻ കുന്നത്ത്, അഡ്വ. ഷോൺ ജോർജ്, ബാബു മുക്കാല, ബോബൻ ടി.തെക്കേൽ, പ്രസാദ് ഉരുളിക്കുന്നം, ജയ്സൺ ജോസഫ്, ബിജോയി പ്ലാത്താനം, രാജേഷ് വാളിപ്ലാക്കൽ, സണ്ണി പൊരുന്നക്കോട്ട്, ബിജി മണ്ഡപം, സുമേഷ് ആൻഡ്രൂസ്, ജോർഡിൻ കിഴക്കേത്തലയ്ക്കൽ, പ്രവീൺ ഉള്ളാട്ട്, സജി കെ.വർഗീസ്, ഷാജി പുളിമൂടൻ, സാബു കണിപറമ്പിൽ, അഡ്വ.ആന്റണി കളമ്പുകാടൻ, സണ്ണി മാന്തറ, ബിജോയ് വാതല്ലൂർ, എബി പൊന്നാട്ട് എന്നിവർ പ്രസംഗിച്ചു.

## സംസ്ഥാന വികസനത്തിനു കുതിപ്പേകാൻ ആസൂത്രണ ബോർഡ് പുനഃസംഘടിപ്പിച്ചു

ഡൽഹി മെട്രോ റെയിൽ കോർപറേഷൻ ചെയർമാൻ ഇ.ശ്രീധരൻ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (സി.ഐ.ഐ) സെക്രട്ടറി തരുൺ ദാസ്, ടെക്നോപാർക്ക് സ്ഥാപക സി.ഇ.ഒ. ജി. വിജയരാഘവൻ തുടങ്ങിയവരെ അംഗങ്ങളാക്കി സംസ്ഥാന ആസൂത്രണ ബോർഡ് പുനഃസംഘടിപ്പിച്ചു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ചെയർമാനും കെ.എം. ചന്ദ്രശേഖരൻ വൈസ് ചെയർമാനുമാണ്. ധനമന്ത്രി കെ.എം.മാണി, വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, കൃഷിമന്ത്രി കെപി.മോഹനൻ, വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് എന്നിവർ അംഗങ്ങളാണ്.

## ബജറ്റിനെതിരെയുള്ള പ്രചരണം കേരളത്തിന് അപമാനകരം

യൂത്ത് ഫ്രണ്ട് (എം)



കേരളത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്കു തൊഴിൽ സംരംഭങ്ങളാരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്ത കേരള ബജറ്റിനെതിരെയുള്ള പ്രചാരണം യുവജന ദ്രോഹമാണെന്നു യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ കുറ്റപ്പെടുത്തി. 'ബജറ്റ് കേരള വികസനത്തിനൊരു മാർഗ രേഖ' എന്ന വിഷയത്തിൽ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ചർച്ചാ സദസ്സുകളുടെ ആലപ്പുഴ ജില്ലാതല ഉദ്ഘാടനം അമ്പലപ്പുഴയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

വി.സി. ഫ്രാൻസിസ്, നസീർ സലാം, അഡ്വ.പ്രദീപ് കൂട്ടാല, അഡ്വ.ജോസഫ് മാത്യു, എൻ.അജിത്ത് രാജ്, ജൂണി കുതിരവട്ടം, സി.ടി.സക്കറിയ, ബേബി പാറക്കാടൻ, റോയി കോട്ടപ്പറമ്പൻ, ജിജോ തോമസ്, മുരളി പര്യാത്ത്, മൈക്കിൾ പി.ജോൺ, തോമസ് കണ്ടഞ്ചേരി, നൗഷാദ് സുൽത്താന, കണ്ണൻ, എൻ.എ.നജുമുദ്ദീൻ, ഇ.സി.ഉമ്മച്ചൻ, തോമസ് കളരിക്കൻ, ജോയി കുര്യാക്കോസ്, പി.ഇ. വർഗീസ്, ക്ലീറ്റസ് വെളിയിൽ, സണ്ണി ജോസഫ്, എൻ.സി. തമ്പി, ജോർജുകുട്ടി കുറ്റിക്കൽ, ടെൻസൻ തോമസ് എന്നിവർ പ്രസംഗിച്ചു.

## ജോൺസന്റെ നിര്യാണത്തിൽ അനുശോചിച്ചു



പ്രശസ്ത ചലച്ചിത്രസംവിധായകൻ ജോൺസന്റെ നിര്യാണത്തിൽ കേരളാ കോൺഗ്രസ് (എം) തൃശൂർ ജില്ലാ കമ്മിറ്റിയോഗം അനുശോചിച്ചു. ജില്ലാ പ്രസിഡണ്ട് എം.പി. പോളി അധ്യക്ഷത വഹിച്ചു. അഡ്വ.തോമസ് ഉണ്ണിയാടൻ എം.എൽ.എ. എ.എൽ.സെബാസ്റ്റ്യൻ,ബേബി മാത്യു കാവുങ്കൽ, സി.വി.കുര്യാക്കോസ്, സെബാസ്റ്റ്യൻ ചൂണ്ടൽ, എം.ടി.തോമസ്, ബേബി നെല്ലിക്കുഴി, അഡ്വ. സി. എ. ജോണി, ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, ജോർജ് പായപ്പൻ എന്നിവർ പ്രസംഗിച്ചു.

## കേരള ബജറ്റ് യുവജനങ്ങൾക്കു പ്രതീക്ഷ നല്കുന്നത്

**ജോസ് കെ. മാണി എം.പി**



ധനകാര്യ മന്ത്രി കെ.എം.മാണി അവതരിപ്പിച്ച ബജറ്റ് കേരളത്തിലെ ലക്ഷക്കണക്കിനു വരുന്ന തൊഴിലന്വേഷകരായ യുവതീയുവാക്കൾക്കു പ്രതീക്ഷ നല്കുന്നതാണെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ജോസ് കെ.മാണി എം.പി. അഭിപ്രായപ്പെട്ടു.

യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ മുഖ്യ പ്രഭാഷണം നടത്തി. പ്രസാദ് ഉരുളിക്കുന്നം, ജോജി കുറത്തിയാടൻ, അഡ്വ.ടോമി ഓമല്ലൂക്കാരൻ, ജോളി മടുക്കകുഴി, ജെറ്റോ ജോസഫ്, സണ്ണി പുതിയിടം, ജോബിഷ് തേനാടികുളം, രാജൻ കുളങ്ങര, ജോയി സി. കാപ്പൻ, സാബു കുന്നേൽ, ബിജു പറപ്പള്ളി, വിമൽ ജോസഫ്, ജിനു കരിമ്പുംകാല, ഷിബു പോത്തമാക്കൽ, നിവാസ് റാവുത്തർ, ടിജോ മണ്ണൂർ, ജെറി പുത്തൻപുരയ്ക്കൽ, സജു ആനക്കല്ലുമുകളേൽ, ഫെലിക്സ് വെളിയത്തുകുന്നേൽ, ജയ്സൺ വാരണം, സന്തോഷ് കമ്പകത്തുങ്കൽ, ലാൽജി മാടത്താനിക്കുന്നേൽ, ബിജു തോമസ് എന്നിവർ പ്രസംഗിച്ചു.

## ബജറ്റ് സമഗ്രവികസനത്തിന് അടിത്തറ പാകുന്നത്

**അഡ്വ.ജോയി ഏബ്രഹാം**



കേരളത്തിന്റെ സമഗ്രവികസനത്തിന് ഉറച്ച അടിത്തറ പാകുന്ന ബജറ്റാണു ധനകാര്യമന്ത്രി കെ.എം.മാണി കേരള നിയമസഭയിൽ അവതരിപ്പിച്ചതെന്നു കേരളാ കോൺഗ്രസ്(എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ജോയ് ഏബ്രഹാം എക്സ് എംഎൽഎ പറഞ്ഞു. കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ പ്രവർത്തക ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡണ്ട് ഷിബു തെക്കുംപുറം അധ്യക്ഷത വഹിച്ചു. പ്രൊഫ. ലോപ്പസ് മാത്യു, ഫ്രാൻസിസ് ജോർജ് എക്സ് എം.പി, സണ്ണി മണ്ണത്തുക്കാരൻ അഡ്വ.വി.വി. ജോഷി, എം.എം. ഫ്രാൻസിസ്, സാബു ജോസഫ്, പൗലോസ് മേനാച്ചേരി, ലിസി ജോസ്, ഇ.കെ.ഹസ്സൻകുട്ടി, ബേബി വട്ടക്കുന്നേൽ, വർഗീസ് വിതയത്തിൽ, ജോയി നടുക്കുഴി, സേവി കുരിശിങ്കൽ, അഡ്വ.റോയ്, ഷാജി തേക്കുംകാടൻ, ബേബി മുണ്ടാടൻ, വർഗീസ് കോയിക്കര, ടോമി കെ.തോമസ്, ജോണി അരീക്കാട്ടിൽ, തോമസ് കോട്ടയ്ക്കൽ, ജോർജ് തെക്കേക്കര, കെ.പി.ഫിലിപ്പ്, ഏബ്രഹാം പൊന്നുപുരയിടം, പോൾ വർഗീസ്, ജി. പത്മരാജൻ, ചന്ദ്രശേഖരൻനായർ, സുനിൽ ഈപ്പൻ എന്നിവർ പ്രസംഗിച്ചു.

## ഡോ.വർഗീസ് പേരയിൽ കേരള സർവകലാശാല സിൻഡിക്കേറ്റ് മെമ്പർ

അടൂർ സെന്റ് സിറിൽസ് കോളജ് ചരിത്രവകുപ്പു മേധാവിയും കേരളാ കോൺഗ്രസ് (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവുമായ ഡോ.വർഗീസ് പേരയിലിനെ കേരള സർവകലാശാല സിൻഡിക്കേറ്റ് മെമ്പറായി സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്തു. നാലു വർഷമാണു കാലാവധി.

ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രഗല്ഭരുടെ കോട്ടായിലാണു നാമനിർദ്ദേശം ചെയ്തിരിക്കുന്നത്. ഗ്രന്ഥങ്ങളും ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 40ൽപരം ദേശീയ, അന്തർദേശീയ സെമിനാറുകളിൽ പങ്കെടുത്തിട്ടുണ്ട്.



കെ.എസ്.സി. (എം) കൊല്ലം ജില്ലാ പ്രസിഡണ്ട്, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന വൈസ് പ്രസിഡണ്ട്, കേരളാ കോൺഗ്രസ് (എം) പത്തനംതിട്ട ജില്ല ജനറൽ സെക്രട്ടറി, കേരളാ സംസ്കാര വേദി സംസ്ഥാന കൺവീനർ, കേരള സർവകലാശാല, സെനറ്റ്, സിൻഡിക്കേറ്റ്, ഫാക്കൽറ്റി ബോർഡ് അംഗം, അടൂർ നഗരസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, മലങ്കര ഓർത്തഡോക്സ്സഭ കൊല്ലം ഭദ്രാസന കൗൺസിൽ അംഗം എന്നീ നിലകളിൽ വർഗീസ് പേരയിൽ പ്രവർത്തിച്ചിട്ടുണ്ട്.



# പെരുമ്പടവം ശ്രീധരനുമായി അഭിമുഖം

*(12-ാം പേജിൽ നിന്നു തുടർച്ച)*

ഞായറാഴ്ച പള്ളിയിൽ പോകുക, അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുക എളുപ്പമുള്ള കാര്യമാണ്. പക്ഷേ, ക്രിസ്തുവിലേക്കു പോകുക ക്രിസ്തുവിനെ സ്വജീവിതത്തിൽ കാണിച്ചുകൊടുക്കുക പ്രയാസമുള്ള കാര്യമാണ്. എസ്.എൻ.ഡി.പി യോഗത്തിൽ പങ്കെടുക്കുക, നേതാവിനു ജയ് വിളിക്കുക- എളുപ്പമുള്ള കാര്യമാണ്. നാരായണ ഗുരു പറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്തി മറ്റൊരു നാരായണഗുരുവായി ജീവിക്കുക പ്രയാസമുള്ള കാര്യമാണ്. 'നാരായണം' എഴുതിയപ്പോൾ നാരായണഗുരു എന്റെ ഹൃദയത്തിലുണ്ടായിരുന്നു.

നമ്മുടെ എല്ലാ വീഴ്ചകൾക്കും നമ്മൾ കുറ്റക്കാരല്ല. നാം അതൊക്കെ ഒരു വിശുദ്ധനായ മനുഷ്യനിൽ ആരോപിച്ച് അയാളെ കുരിശിലേറ്റും. കുരിശിൽ തറയ്ക്കാൻ ഒരാളെ അന്വേഷിച്ചാണു കാപട്യങ്ങളിൽ അഭിരമിക്കുന്ന നമ്മുടെ സമൂഹം നീങ്ങുന്നത്.

മനുഷ്യവിരുദ്ധമായതെല്ലാം ദൈവവിരുദ്ധമാണ് എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

*'നാരായണം' ജീവചരിത്ര നോവലാണെന്നും ജീവചരിത്രനോവലുകൾക്കു സാഹിത്യമൂല്യം കുറയുന്നുവെന്നുമുള്ള അഭിപ്രായത്തെ എങ്ങനെയാണു വിലയിരുത്തുന്നത്?*

■ ജീവചരിത്രനോവലുകൾ നമുക്ക് ആവശ്യമില്ല. എനിക്കു ദസ്തയേവ്സ്കിയോ നാരായണഗുരുവോ ചരിത്രപുരുഷന്മാരല്ല; എന്റെ കഥാപാത്രങ്ങളാണ്. അവരെ വച്ചുകൊണ്ടു ഞാൻ മനുഷ്യാവസ്ഥയെ വ്യാഖാനിക്കുകയാണ്. എന്റെ 'നാരായണം' ജീവചരിത്രനോവലാണെന്നു പറയുന്നവരുണ്ടെങ്കിൽ അവർക്ക് അവിടംവരെ മാത്രമേ എത്താൻ കഴിഞ്ഞുള്ളു എന്നാണ് അർത്ഥം. അവരുടെ ഉള്ളിൽ കാപട്യമുണ്ട്. ജീവചരിത്രനോവലുകൾ എന്നുപറഞ്ഞ് എന്നെ വിമർശിക്കുകയും അധിക്ഷേപിക്കുകയും ചെയ്താലേ അവർ വലിയ ആളുകളാണെന്നു വരൂ.

*താങ്കളുടെ സാഹിത്യപ്രവർത്തനങ്ങൾ ആരംഭിച്ചകാലഘട്ടത്തിൽ ആധുനികത ഒരു പ്രലോഭനമായി മുന്നിലുണ്ടായിരുന്നു. ആ മായികവലയത്തിൽ വീഴാതെ എഴുതാൻ കഴിഞ്ഞത് എന്തുകൊണ്ടാണ്..?*

■ ഓരോ കാലഘട്ടത്തിലും സാഹിത്യത്തിൽ ഓരോരോ ഫാഷനുകൾ വരുന്നു. ഓരോരോ പ്രവണതകൾ, ഓരോരോ ദർശനങ്ങൾ. ഇവിടെ കപ്പലിറങ്ങുകയോ വിമാനമിറങ്ങുകയോ ചെയ്ത ആശയങ്ങളൊന്നും എന്നെ ഭ്രമിപ്പിച്ചിട്ടില്ല. അതിൽ ഭ്രമിച്ച ആളുകളെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. സകലമൂല്യങ്ങളും തകർന്ന കാലഘട്ടം നമ്മുടെ മുന്നിലുണ്ട്. ഇപ്പോഴുമുണ്ട്. പക്ഷേ, അതിനെയൊക്കെ നേരിടുന്നതു വിദേശത്തുനിന്ന് ഇറക്കുമതിചെയ്ത ദർശനങ്ങളുടെ വലയത്തിൽ കുടുങ്ങിയാകരുത്. ഞാൻ കാമുവിനെയും കാഫ്കെയെയും സാർത്രിനെയുമൊക്കെ വായിച്ചിട്ടുണ്ട്. അത്തരം അനുകരണം ഞാൻ ഇഷ്ടപ്പെട്ടില്ല. ഞാൻ സഹിക്കുന്ന ജീവിതത്തെ എന്റേതായ രീതിയിൽ വിലയിരുത്താനും വ്യാഖ്യാനിക്കാനുമാണു ഞാൻ ശ്രമിച്ചത്..?

*താങ്കളുടെ ബോധമനസ്സിന്റെ നിയന്ത്രണങ്ങളെ മറികടന്നു മുന്നോട്ടു കുതിച്ച കഥാപാത്രങ്ങൾ..?*

■ 'ഒരു സങ്കീർത്തനംപോലെ' യിലെ ദസ്തയേവ്സ്കിയും 'അരൂപിയുടെ മൂന്നാം പ്രാവി'ലെ ആൻഡ്രൂസ് സേവ്യറും 'ഒരു കീറ് ആകാശ'ത്തിലെ എൽദോയും എന്നെ മറികടന്നു മുന്നോട്ടു കുതിച്ച കഥാപാത്രങ്ങളാണ്. ഞാൻ വിഭാവന ചെയ്ത വഴിയിലൂടെയല്ല, സ്വതന്ത്രവും വ്യത്യസ്തവുമായ മറ്റൊരു വഴിയിലൂടെയാണ് ഇവർ സഞ്ചരിച്ചത്. ഞാൻ അവരെ പിന്തുടർന്നുവെന്നു മാത്രം.

*അങ്ങയെ കരയിച്ച കഥാപാത്രങ്ങൾ..?*

■ 'ഒരു സങ്കീർത്തനംപോലെ' യിൽ ദസ്തയേവ്സ്കിയോടൊപ്പം സഞ്ചരിച്ചപ്പോൾ ഞാൻ കരഞ്ഞിട്ടുണ്ട്. 'ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുള്ള ഒരാൾ' എന്നെഴുതാൻ കഴിഞ്ഞതു ഞാൻ ഹൃദയത്തിൽ ദസ്തയേവ്സ്കിയെ അത്ര ആഴത്തിൽ ഉൾക്കൊണ്ടതുകൊണ്ടാണ്. അതിനുപകരം ഹൃദയത്തിൽ കൊള്ളുന്ന ഒരു വാക്യമെഴുതിയ മറ്റാരുണ്ടിവിടെ? എന്നെ എഴുന്നെള്ളിച്ചുകൊണ്ടു നടക്കാൻ ഞാൻ ആരെയും സംഘടിപ്പിച്ചു നിർത്തിയിട്ടില്ലാത്തതുകൊണ്ട് അതൊന്നും വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. വേറെ ആരെങ്കിലുമാണ് എഴുതിയിരുന്നതെങ്കിൽ എന്തെല്ലാം വ്യാഖ്യാനങ്ങൾ ഉണ്ടാകുമായിരുന്നു.

*താങ്കളുടെ ഭാഷയിൽ ആത്മീയതയുടെ വരപ്രസാദമുള്ളതായി അനുഭവപ്പെട്ടിട്ടുണ്ടോ?*

■ എന്റെ മനസ്സിന്റെ ശുദ്ധിയിൽ നിന്നാണു ഞാൻ ഈ ഭാഷ സൃഷ്ടിച്ചെടുത്തത്. അതുകൊണ്ടുതന്നെ ഭാഷ അനുഭവമായിത്തീരുന്നു. വികാരമായിത്തീരുന്നു. ഭാഷ സ്വാഭാവികമായി വരുന്നു. നല്ല സാഹിത്യകൃതികൾക്കൊക്കെ ആത്മീയമായ ഒരനുഭവമണ്ഡലമുണ്ട്. മതം ഉയർത്തിക്കാണിക്കുന്ന ആധ്യാത്മികതയല്ല അത്. മനുഷ്യനെ അപാരതയുമായി ബന്ധിപ്പിക്കുന്ന ആധ്യാത്മികതയാണത്. ഒരു വെളിപാടുപോലെ ആ ഭാഷ വരുന്നു. മനസ്സിന്റെ വിശുദ്ധിനിറഞ്ഞ തപസ്സിന്റെ ഫലമാണ് എന്റെ കൃതികൾ. എന്റെ വായനക്കാർ അതു തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

*ഇന്നത്തെ സാഹിത്യവിമർശകർ സമൂഹത്തിനോ സാഹിത്യത്തിനോ ദിശാബോധം നല്കുന്നുണ്ടോ?*

■ മൗലികതയുള്ള ദർശനമാണു സാഹിത്യവിമർശകർ നല്കേണ്ടത്. എന്നാൽ പലർക്കും വ്യക്തമായ ഒരു ദർശനമില്ല. വല്ല സായിപ്പന്മാരും പറഞ്ഞുവച്ച ആശയങ്ങൾ പകർത്തി ഇവിടെ അവതരിപ്പിച്ചുവെന്നല്ലാതെ മൗലികതയുള്ള ദർശനങ്ങളൊന്നുംതന്നെ പലരും നല്കിയിട്ടില്ല. ഒരുകാലത്തു മയക്കുമരുന്നിനും മൃത്യുവാഞ്ഛയ്ക്കും അടിമകളായ നായകന്മാരെ അവതരിപ്പിച്ച ആധുനിക നോവലിസ്റ്റുകളെ ഉയർത്തിക്കാണിച്ച സാഹിത്യ വിമർശകരുണ്ട്. ആ നോവലുകൾ ഇന്ന് എവിടെ? ആരതു വായിക്കുന്നു? എനിക്കൊന്നേ പറയാനുള്ളു. ആരൊക്കെ ഉയർത്തിയാലും താഴ്ത്തിയാലും മൗലികമായ ദർശനങ്ങൾ അവതരിപ്പിക്കുന്ന കൃതികൾ നിലനില്ക്കും. അല്ലാത്തവ തകർന്നടിയും.

ആധുനികതയുടെ വക്താക്കൾക്കു നിലപാടുകളിൽനിന്നു പിന്നോട്ടുപോകേണ്ടിവന്നു. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ദർശനങ്ങളെ തള്ളിപ്പറയേണ്ടിവന്നു. എനിക്ക് എന്റെ ദർശനങ്ങളെ തള്ളിപ്പറയേണ്ടിവന്നിട്ടില്ല. ഒറ്റപ്പെട്ടവനാണു ഞാൻ. എന്നെ വളർത്തിയത് എന്റെ വായനക്കാരാണ്. വായനക്കാരെ അടക്കി ഭരിക്കാൻ അവർ ആരെയും അനുവദിക്കില്ല. വായനക്കാരുടെ സ്നേഹവും വാത്സല്യവും എന്റെ മനസ്സിന് ആവോളം ലഭിക്കുന്നുണ്ട്. തളരാതിരിക്കാൻ എനിക്കതു മതി. എന്റെ നഗ്നപാദങ്ങൾ വച്ചാണു ഞാൻ ഈ ഭൂമിയിൽ സഞ്ചരിക്കുന്നത്. എനിക്കങ്ങനെ സഞ്ചരിച്ചാൽ മതി. മറ്റ് എഴുത്തുകാരെപ്പോലെ വലിയ സന്നാഹങ്ങളില്ല. എനിക്ക് ആഘോഷങ്ങൾ സംഘടിപ്പിക്കാൻ ഞാൻ ആരെയും ഏർപ്പെടുത്തിയിട്ടില്ല.

** ** **

പുസ്തകാവലോകനം

# കാതലിൽ സ്പർശിക്കുന്ന വിമർശനം ②

പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ

*(പ്രശസ്ത വിദ്യാഭ്യാസ ചിന്തകനും വിമർശകനുമായ പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ (എം.ആർ.സി) ഡോ. കുര്യാസ് കുമ്പളക്കുഴിയുടെ 'സത്യത്തിന്റെ മുഖം' എന്ന ഗ്രന്ഥത്തെപ്പറ്റി സമയം മാസികയുടെ മെയ്-ജൂൺ ലക്കത്തിലെഴുതിയ വിമർശപഠനത്തിന്റെ രണ്ടാംഭാഗം.)*

### കുത്തഴിഞ്ഞ വകുപ്പ്

ഗാന്ധി യൂണിവേഴ്സിറ്റിയിൽ 1988ൽ ഒരു പുതിയ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചു. 'സ്കൂൾ ഓഫ് ലെറ്റേഴ്സ്.' ഏഷ്യൻ ഭാഷകളുടെയും കലകളുടെയും ഒരു കേന്ദ്രമായിട്ടാണതു വിഭാവനം ചെയ്യപ്പെട്ടത്. ജി.ശങ്കരപ്പിള്ളയായിരുന്നു ചുമതലയിൽ. ശങ്കരപ്പിള്ളയുടെ മരണത്തെത്തുടർന്ന്, വിമർശകനും നാടകകൃത്തുമായ നരേന്ദ്രപ്രസാദ് ചുമതലയേറ്റു. കുര്യാസിനു നരേന്ദ്രപ്രസാദിനെപ്പറ്റി പറയാനുള്ളത് ഇതാണ്: "സിനിമാനടനെന്ന നിലയിൽ കുറെപേരെടുത്തെങ്കിലും അമിത മദ്യപാനം അദ്ദേഹത്തിന്റെ ജീവൻ അകാലത്തിൽ കെടുത്തിക്കളഞ്ഞു." (പുറം 45)

താൻ ചേർന്ന വകുപ്പു നന്നായി പ്രവർത്തിച്ചില്ല എന്നു ഡോക്ടർ കുര്യാസ് പ്രസ്താവിക്കുന്നു. "നരേന്ദ്രപ്രസാദായിരുന്നു ഡയറക്ടർ. അദ്ദേഹം വല്ലപ്പോഴും മാത്രമേ വന്നിരുന്നുള്ളൂ. നാടക-സിനിമാ രംഗങ്ങളിലായിരുന്നു അദ്ദേഹത്തിനു കൂടുതൽ താത്പര്യം. അതുകൊണ്ടു സ്കൂൾ ഓഫ് ലെറ്റേഴ്സ് വിഭാഗം എന്നും കുത്തഴിഞ്ഞുകിടന്നു. ക്ലാസുകളില്ല. വിദ്യാർത്ഥികളില്ല." *(പുറം 52)*

### രാഷ്ട്രീയ പിടിവലി

യൂണിവേഴ്സിറ്റികൾ രാഷ്ട്രീയ പിടിവലിയുടെ കേന്ദ്രങ്ങളായി മാറിയതായിട്ടാണു ഡോ.കുര്യാസ് കണ്ടത്. അദ്ദേഹം എഴുതുന്നു.




"ഇടതുവശത്തുള്ളവർക്കേ പരിഗണനയുള്ളൂ.... എല്ലാവരും എന്നെ ഇടത്തോട്ടു വലിക്കുകയായിരുന്നു. സിൻഡിക്കേറ്റു മെമ്പർമാർവരെ എന്നോടു തുറന്നാവശ്യപ്പെട്ടു. കുര്യാസ് പുരോഗമനകക്ഷികൾക്കൊപ്പം നില്ക്കണം. പക്ഷേ, എനിക്കതു കഴിയുമായിരുന്നില്ല." *(പുറം 53)*

കുറവിലങ്ങാട്ടു കോളജിലായിരുന്ന കാലത്തും ഇടത്തോട്ടു വലിക്കലുണ്ടായി. അന്നു കുര്യാസ് അവരോടു പറഞ്ഞു. 'ഇല്ല.' അതിന്റെ ആവർത്തനമാണു യൂണിവേഴ്സിറ്റിയിൽ ഉണ്ടായത്. ഇടത്തോട്ടു ചായാതിരുന്നതിന്റെ ഫലം ഡോ.കുര്യാസ് പറയുന്നു.

"എല്ലാ കാര്യങ്ങളിലും ഒറ്റപ്പെടുത്തുക, അവഗണിക്കുക. അവർക്കിഷ്ടമില്ലാത്തവരെ ഒന്നുമല്ലാതാക്കുക, അതായിരുന്നു ഉദ്ദേശ്യം. അറിവേറുമ്പോൾ നെറിവു കുറയുമെന്ന പഴഞ്ചൊല്ലു പതിരില്ലാത്തതുതന്നെ എന്നെനിക്കു വ്യക്തമായി...*(പുറം 53)*

അങ്ങനെ ശ്വാസം മുട്ടിക്കഴിയുമ്പോഴാണു കേരളത്തിൽ തിരഞ്ഞെടുപ്പു നടന്നതും പുതിയ ഗവൺമെണ്ട് ഉണ്ടായതും. മാറിയ സാഹചര്യത്തിൽ ഡോ. കുര്യാസ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ടു. ഇൻസ്റ്റിറ്റ്യൂട്ടിലെ അനുഭവങ്ങളെപ്പറ്റി 'സത്യത്തിന്റെ മുഖ'ത്തിൽ ഗ്രന്ഥകാരൻ വിവരിച്ചു പറഞ്ഞിട്ടുണ്ട്. ഞാനതിന്റെ വഴിക്കുപോകുന്നില്ല. ഈ പ്രബന്ധത്തിന്റെ പ്രമേയം, ഇതിന്റെ തുടക്കത്തിലേ പറഞ്ഞപോലെ ഉപരി വിദ്യാഭ്യാസ രംഗത്തെ വികൃതികളാണ്.

### ഭൂതം

തിരുവനന്തപുരത്തുനിന്നു മടങ്ങി യൂണിവേഴ്സിറ്റിയിൽ ചേർന്നതിനെപ്പ

"നമ്മുടെ സാംസ്കാരിക മേഖലയാകെ ഒരു ഭൂതം ആവേശിച്ചിട്ടുണ്ടല്ലോ- ഇടതുപക്ഷ ഭൂതം. അതിന്റെ പിടിയിൽ നിന്നു വിട്ടുനില്ക്കാനാണു ഭാവമെങ്കിൽ ഒരെഴുത്തുകാരനോ, പ്രഭാഷകനോ, സാംസ്കാരിക നായകനോ ആയി അംഗീകരിക്കപ്പെടുക എളുപ്പമല്ല. ബുദ്ധിജീവി പരിവേഷം ലഭിക്കുകയില്ല. വാതിലുകൾ എവിടെയും അടഞ്ഞുതന്നെ കിടക്കും. ഇതൊക്കെ അറിഞ്ഞുകൊണ്ടുതന്നെയാണു ഞാൻ മുന്നോട്ടുനീങ്ങിയത്."

റ്റിയുള്ള അധ്യായത്തിനു "വറചട്ടിയിൽ നിന്ന് എരിതീയിലേക്ക്" എന്ന ശീർഷകമാണു നല്കിയിട്ടുള്ളത്. സ്വതന്ത്രമായ ഒരു നിലപാടു സ്വീകരിച്ച്, അക്കാദമിക് കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നതു ഡോ. കുര്യാസിനു വിനയായി. കുര്യാസ് എഴുതുന്നു.

"നമ്മുടെ സാംസ്കാരിക മേഖലയാകെ ഒരു ഭൂതം ആവേശിച്ചിട്ടുണ്ടല്ലോ– ഇടതുപക്ഷ ഭൂതം. അതിന്റെ പിടിയിൽ നിന്നു വിട്ടുനില്ക്കാനാണു ഭാവമെങ്കിൽ ഒരെഴുത്തുകാരനോ, പ്രഭാഷകനോ, സാംസ്കാരിക നായകനോ ആയി അംഗീകരിക്കപ്പെടുക എളുപ്പമല്ല. ബുദ്ധിജീവി പരിവേഷം ലഭിക്കുകയില്ല. വാതിലുകൾ എവിടെയും അടഞ്ഞുതന്നെ കിടക്കും. ഇതൊക്കെ അറിഞ്ഞുകൊണ്ടുതന്നെയാണു ഞാൻ മുന്നോട്ടുനീങ്ങിയത്." *(പുറം 67)*

ഡോ.കുര്യാസ് ഇടതുപക്ഷഭൂതം എന്നുപറഞ്ഞതു കുറിക്കുകൊള്ളുന്നു. കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോയുടെ ആഭിമുഖ്യത്തിൽ തന്നെ കമ്യൂണിസത്തെപ്പറ്റി 'ഭൂതം' എന്നുവിശേഷിപ്പിച്ചിട്ടുണ്ട്. ആചാര്യന്മാർ വിപരീതാർത്ഥത്തിലാണ് അത് ഉപയോഗിച്ചത്. കമ്യൂണിസം അതു ചെന്നു പറ്റിയേടത്തൊക്കെ ഒരു ഭൂതാവേശമായി. അതിൽനിന്നു ക്ലേശിച്ചാണു പലരും മോചനം നേടിയത്. കമ്യൂണിസ്റ്റാവൽ ഒരു ഭൂതാവേശം തന്നെയാണ്. ഭൂമുഖത്തു മറ്റുള്ളവർ എന്ന ഒരു വിഭാഗം ഉണ്ടെന്നു ഭൂതാവിഷ്ടർ ചിന്തിക്കുകയില്ല. തങ്ങളുടെ ധൃതരാഷ്ട്രാലിംഗനത്തിനു നിന്നുകൊടുക്കാത്തവരെ അവർ തകർത്തുകളയും.

## അപമൂല്യവത്കരണം

കുര്യാസിന്റെ പിഎച്ച്.ഡി പ്രബന്ധം മലയാള കവിതയിലെ മൃത്യുബോധമായിരുന്നു. എന്നാൽ, തന്നെ ഒരു ക്രൈസ്തവ സാഹിത്യകാരനാക്കി അവഗണിക്കാനാണു തന്റെ സഹപ്രവർത്തകന്മാർ ശ്രമിച്ചത്. "കട്ടക്കയത്തെപ്പറ്റി ഗവേഷണം നടത്തിയ ആളല്ലേ?" എന്നു ചോദിച്ചു തന്നെ അപമൂല്യവത്ക്കരിക്കുകയാണ് അവർ ചെയ്തത്. എം.എ പാഠ്യപദ്ധതിയിൽ കുമാരനാശാന്റെ കവിതയെപ്പറ്റി ഒരു സ്പെഷ്യൽ പേപ്പർ ഉണ്ടായിരുന്നു. അതിന്റെ റഫറൻസ് പുസ്തകപ്പട്ടികയിൽ പ്രശസ്തരും അപ്രശസ്തരുമായ അനേകരുടെ കൃതികൾ ഉൾപ്പെടുത്തി. എം.എ.ബോർഡ് ചെയർമാൻ, കുര്യാസിന്റെ ഒരു സഹപ്രവർത്തകനായിരുന്നു. "അതിരുകളില്ലാത്ത ആശാൻ കവിത" എന്ന കുര്യാസിന്റെ പുസ്തകം ആശാൻ കവിതയെപ്പറ്റിയുള്ള ഒരു സമഗ്രപഠനമാണ്. അതിന് ആ പട്ടികയിൽ സ്ഥാനം ലഭിച്ചില്ല. കുര്യാസ് എഴുതുന്നു,

**"നിങ്ങൾ ഇടതുവശം ചേർന്നു നടക്കു, നിങ്ങളെ അവർ സംരക്ഷിച്ചേക്കാം. മറിച്ചായാലോ, സംഹാരം ഉറപ്പ്. എം.സുകുമാരന്റെ ഒരു കഥയിലെ സന്ദർഭം. കയ്യും കാലും ഛേദിക്കപ്പെട്ട കഥാപാത്രത്തെ നദിയിലേക്കെറിഞ്ഞശേഷം ഉപദേശം: ഇടതുവശം ചേർന്നു നീന്തിക്കൊള്ളുക. വലതുവശത്തായാൽ അടിയൊഴുക്കു കാണും."**

"നിങ്ങൾ ഇടതുവശം ചേർന്നു നടക്കു, നിങ്ങളെ അവർ സംരക്ഷിച്ചേക്കാം. മറിച്ചായാലോ, സംഹാരം ഉറപ്പ്. എം.സുകുമാരന്റെ ഒരു കഥയിലെ സന്ദർഭം. കയ്യും കാലും ഛേദിക്കപ്പെട്ട കഥാപാത്രത്തെ നദിയിലേക്കെറിഞ്ഞ ശേഷം ഉപദേശം: ഇടതുവശം ചേർന്നു നീന്തിക്കൊള്ളുക. വലതുവശത്തായാൽ അടിയൊഴുക്കു കാണും." *(പുറം 69)*

## ആവേശപ്പൊതുവാൾമാർ

അതൊക്കെ ചില 'ആവേശപ്പൊതുവാൾ'മാരുടെ ചാപല്യം എന്നു കരുതിയാൽ മതി. ('ആവേശപ്പൊതുവാൾ' എന്ന കല്പന പയ്യന്നൂർ നിന്ന് എനിക്കു കിട്ടിയ ശൈലിയാണ്. പയ്യന്നൂർ പൊതുവാൾമാരുടെ നാട്. ഞാൻ പയ്യന്നൂർ കോളജിൽ ഇരുപത്തഞ്ചു കൊല്ലം ജോലിചെയ്തു. നിസ്സാര സംഗതികളുടെ പേരിൽ പോലും ആവേശം കയറി തുള്ളിച്ചാടുന്ന ഒരാളെ ആസ്പദിച്ചാണ് ആ ശൈലി ഉണ്ടായത്.) നമുക്കു യൂണിവേഴ്സിറ്റി കാര്യനടത്തിപ്പിന്റെ ഉന്നതതലങ്ങളെപ്പറ്റിയാണു ചിന്തിക്കാനുള്ളത്. തിരുവനന്തപുരത്തുനിന്നു മടങ്ങിവന്ന ഡോ.കുര്യാസ് എം.ജി. യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിൽ അംഗമായി നിശ്ചയിക്കപ്പെട്ടത്, യൂണിവേഴ്സിറ്റി ഭരണത്തിന്റെ നികുംഭിലയിലേക്ക് എത്തിനോക്കാൻ അദ്ദേഹത്തിന് അവസരം നല്കി.

## ആദ്യത്തെ ആഘാതം

നീണ്ടൊരു കാലത്തോളം കേരളത്തിലെ ജനങ്ങൾക്കു യൂണിവേഴ്സിറ്റി ഒരന്യകാര്യമായിരുന്നു. മലബാറിലെയും കൊച്ചിയിലെയും കോളജുകൾ മദിരാശി യൂണിവേഴ്സിറ്റിക്കു കീഴിലായിരുന്നു.

തിരുവിതാംകൂറിനു സ്വന്തമായ ഒരു യൂണിവേഴ്സിറ്റിയിൽ ദീർഘകാലം ലക്ഷ്മണസ്വാമി മുതലിയാർക്കായിരുന്നു ആധിപത്യം. തിരുവിതാംകൂറിൽ സർ സി.പി. രാമസ്വാമി അയ്യരുടെ ആധിപത്യമാണ് എല്ലാ ജീവിതമണ്ഡലങ്ങളിലും നിലവിലിരുന്നത്. യൂണിവേഴ്സിറ്റിയിലെ അക്കാദമിക് കാര്യങ്ങളിലോ, അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളിലോ അധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും ഉൾപ്പെടെ ജനസമുദായത്തിനു ഗണ്യമായ താത്പര്യമുണ്ടായിരുന്നില്ല. ഈ നിസ്സംഗതയിന്മേൽ ഒരാഘാതം ആദ്യമുണ്ടായത് 1952ൽ ജോസഫ് മുണ്ടശ്ശേരിയെ തൃശ്ശൂരിലെ സെന്റ് തോമസ് കോളജിൽ നിന്നു പിരിച്ചുവിട്ടപ്പോഴാണ്.

യൂണിവേഴ്സിറ്റിയുടെയും പ്രൈവറ്റ് കോളജ് മാനേജ്മെണ്ടിന്റെയും അധികാരാവകാശങ്ങളെപ്പറ്റി ആളുകൾ ചിന്തിക്കാൻ തുടങ്ങിയത് അതിനുശേഷമാണ്. മുമ്പ്, യൂണിവേഴ്സിറ്റികളിലെയും കോളജുകളിലെയും അക്കാദമിക് കാര്യങ്ങൾ മുറപോലെ നടന്നു. യൂണിവേഴ്സിറ്റികളുടെ അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളെപ്പറ്റി ആരും ചിന്തിച്ചില്ല.

### കോളജദ്ധ്യാപകരുടെ സംഘടന

പിന്നീടു കോളജുകളിലെ അധ്യാപകർ സംഘടന ഉണ്ടാക്കാനും ആവശ്യങ്ങളും അവകാശങ്ങളും സംബന്ധിച്ചു ശബ്ദമുയർത്താനും തുടങ്ങി. സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് അധികാരത്തിലിരിക്കുന്ന ജനകീയ ഗവൺമെണ്ടുകൾക്കു ബഹുജന സംഘടിതശബ്ദം കേട്ടില്ലെന്നു ഭാവിക്കാൻ കഴിഞ്ഞില്ല. പ്രൈമറി സ്കൂൾ അധ്യാപകരാണു കേരളത്തിൽ ആദ്യം സംഘടന ഉണ്ടാക്കിയത്. അവർക്കു ഡയറക്ട് പേമെന്റ് ഉൾപ്പെടെയുള്ള അനവധി നേട്ടങ്ങൾ ഉണ്ടായി. സ്കൂൾ അധ്യാപകർ നേടിയതൊക്കെ നേടണമെന്നാഗ്രഹിച്ചു കോളജദ്ധ്യാപകർ സംഘടന ഉണ്ടാക്കാൻ പുറപ്പെട്ടത് സ്കൂൾ അധ്യാപകർക്കു ഡയറക്ട് പേമെന്റും റിട്ടയർമെന്റ് ആനുകൂല്യങ്ങളും അനുവദിച്ചു കിട്ടിയ ശേഷമാണ്. മേല്പറഞ്ഞ രണ്ടു സംഗതികളും പ്രൈവറ്റ് കോളജദ്ധ്യാപകർക്കു മുഖ്യകാരണങ്ങളായി.

ഉദ്യോഗത്തിന്റെ ഉറപ്പു പ്രധാനമായിരുന്നു. കോളജദ്ധ്യാപക സംഘടനയുടെ ചില ആവശ്യങ്ങൾ അനുവദിക്കാൻ 1967ൽ അധികാരമേറ്റ രണ്ടാം ഇഎംഎസ് ഗവൺമെണ്ട് മുതിർന്നു. അതുസംബന്ധിച്ചു ബിൽ നിയമസഭ പാസ്സാക്കി. എന്നാൽ, ആ നിയമത്തിലെ പല നിബന്ധനകളും കോടതി റദ്ദാക്കി. 1975ൽ, റദ്ദാക്കിയ വകുപ്പുകൾ ഒഴിവാക്കിയും എന്നാൽ, പ്രൈവറ്റ് കോളേജദ്ധ്യാപകരുടെ ആവശ്യങ്ങൾ മിക്കവാറും മുഴുവൻ തന്നെ അനുവദിച്ചും കേരള കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമങ്ങൾ നിയമസഭ പാസാക്കി.

### ജനാധിപത്യം

യൂണിവേഴ്സിറ്റി മേഖലയിലേക്കു ജനാധിപത്യത്തിന്റെ പ്രവേശനമാണു പ്രസ്തുത രണ്ടു നിയമങ്ങളുടെ പ്രധാന പ്രയോജനം. യൂണിവേഴ്സിറ്റി ഭരണകാര്യങ്ങളിൽ ജനകീയ താത്പര്യങ്ങൾക്ക് അംഗീകാരം ലഭിച്ചു. അധ്യാപകരുടെ നില സുരക്ഷിതമായി. ജനാധിപത്യം ശ്രേഷ്ഠമായ ഭരണ രീതിയാണ്. ജനാധിപത്യത്തിന്റെ നടത്തിപ്പു ജനാധിപത്യവിശ്വാസികളിൽ നിക്ഷിപ്തമാകണം. ജനാധിപത്യ വിശ്വാസമില്ലാത്തവരുടെ ആധിപത്യത്തിലായാൽ ജനാധിപത്യം ദുഷിച്ച ഭരണരീതിയാകും. യൂണിവേഴ്സിറ്റികളിലെ അധികാര സമിതികളിലെ അംഗങ്ങളിൽ വലിയ വിഭാഗം തിരഞ്ഞെടുക്കപ്പെട്ടവരാണ്.

തിരഞ്ഞെടുപ്പു ജനാധിപത്യത്തിന്റെ അവിഭാജ്യ ഭാഗമാണ്. ജനാധിപത്യത്തിൽ പല നന്മകളുണ്ട്. എന്നാൽ, ജനാധിപത്യം വിഭാഗീയത വളർത്തും. ഒന്നിച്ചു നില്ക്കുന്നവരെ ഭിന്നിപ്പിക്കും. സർചക്രവർത്തിയുടെ ഏകാധിപത്യത്തിലും ബോൾഷെവിക് ഏകാധിപത്യത്തിലും റഷ്യൻ സാമ്രാജ്യം ശൈഥില്യമറിയാതെ നിലനിന്നു. എന്നാൽ, ഗോർബച്ചേവിന്റെ ജനാധിപത്യം വന്നപ്പോൾ, സോവ്യറ്റ് യൂണിയൻ പൊട്ടിത്തകർന്നു. ഇന്ത്യ സ്വാതന്ത്ര്യത്തിനുവേണ്ടി കൈനീട്ടിയപ്പോൾ വിഭാഗീയത ഇന്ത്യയിൽ വൻശക്തിയായി. ഇന്ത്യ രണ്ടായി, പിന്നെ രണ്ടു മൂന്നായി. നേപ്പാളിനെ കൂടി കണക്കിൽപെടുത്തിയാൽ ഇന്ത്യ നാലായി. കോൺഗ്രസ് ജനാധിപത്യ പ്രസ്ഥാനമായിരുന്നു. ജനാധിപത്യത്തിന് ഇന്ത്യ നല്കിയ പിഴയാണു പാക്കിസ്ഥാൻ. ജനാധിപത്യവും സ്വാതന്ത്ര്യവും അവകാശങ്ങളും യൂണിവേഴ്സിറ്റി തലത്തിൽ വിഭാഗീയതയും അധികാര ദുർമോഹവും വളർത്തി. യൂണിവേഴ്സിറ്റിയുടെ വഴിക്കു തലതിരിച്ചിട്ടില്ലാത്ത രാഷ്ട്രീയ കക്ഷികൾ കൂടി യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾ പങ്കിട്ടെടുക്കാൻ വ്യഗ്രതപ്പെട്ടു. അധികാരത്തിനും ആധിപത്യത്തിനുമായി രാഷ്ട്രീയ സംഘടനകൾ പോരിന്റെ വഴിക്കു തിരിഞ്ഞു.

### പങ്കിട്ടെടുക്കൽ

ഡോ.കുര്യാസ് എഴുതുന്നു:

വൈസ്ചാൻസലർ, പ്രോവൈസ് ചാൻസലർ, സിൻഡിക്കേറ്റംഗങ്ങൾ, റജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങി സർവകലാശാലയുടെ അധികാര ശ്രേണിയിലെ ഓരോ നിയമനത്തിലും രസകരമായ ഒരു വസ്തുതയുണ്ട്. ഇവരിൽ പലരുടെയും നിയമനാധികാരി എല്ലാ സർവകലാശാലകളുടെയും ചാൻസലർ സ്ഥാനം അലങ്കരിക്കുന്ന സംസ്ഥാന ഗവർണർ ആണെന്നതുകൊണ്ട്, പലരും കസേരയിൽ കയറിയിരുന്നു കഴിയുമ്പോൾ, എന്നെ നിയമിച്ചതു ഗവർണറാണ്, രാഷ്ട്രീയക്കാരനല്ല എന്നു വീമ്പിളക്കികളയും.

ഒരിക്കൽ ഒരു വൈസ്ചാൻസലർ എന്നോടു പറഞ്ഞത്, ഗവർണർക്കൊരു സംശയവുമുണ്ടായില്ല. ബയോഡേറ്റ കണ്ടതേ ഒപ്പിട്ടു എന്നാണ്. പിന്നാമ്പുറക്കഥകൾ പലതും അറിയാമായിരുന്നതുകൊണ്ട്, അതു കേട്ടപ്പോൾ ഉള്ളിൽ ചിരിച്ചു പോയി. രസകരമായ വേറൊരു പ്രതികരണം ശ്രദ്ധിക്കുക. വൈസ്ചാൻസലറാകാൻ താത്പര്യപ്പെടുന്ന ആളുടെ ബയോഡേറ്റയെപ്പറ്റി ഒരു രാഷ്ട്രീയ നേതാവിന്റെ പ്രതികരണം: പിന്നെ, ബയോഡേറ്റ നോക്കിയല്ലേ വൈസ്ചാൻസലറെ നിയമിക്കുന്നത്". *(പുറം 70).*

*(തുടരും)*

**ജനാധിപത്യവും സ്വാതന്ത്ര്യവും അവകാശങ്ങളും യൂണിവേഴ്സിറ്റി തലത്തിൽ വിഭാഗീയതയും അധികാര ദുർമോഹവും വളർത്തി. യൂണിവേഴ്സിറ്റിയുടെ വഴിക്കു തലതിരിച്ചിട്ടില്ലാത്ത രാഷ്ട്രീയ കക്ഷികൾ കൂടി യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾ പങ്കിട്ടെടുക്കാൻ വ്യഗ്രതപ്പെട്ടു. അധികാരത്തിനും ആധിപത്യത്തിനുമായി രാഷ്ട്രീയസംഘടനകൾ പോരിന്റെ വഴിക്കു തിരിഞ്ഞു.**




# ന്യൂസ് ഡയറി

(19-25 ആഗസ്റ്റ് 2011)

പി.ആർ.

**19.** പ്രശസ്ത താന്ത്രികാചാര്യനും ജ്യോതിഷ പണ്ഡിതനും ആയുർവേദ ചികിത്സകനുമായ സൂര്യകാലടി സൂര്യൻ സൂര്യൻ ഭട്ടതിരിപ്പാട് (93) അന്തരിച്ചു.

* സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളജിലെ പ്രവേശനകാര്യത്തിൽ ഇനി ഒരു ത്തരവ് ഉണ്ടാകുന്നതുവരെ തത്സ്ഥിതി തുടരാൻ ഹൈക്കോടതി ഉത്തരവിട്ടു

**20.** ജനപ്രതിനിധികൾക്കുപകരം പൗരസമൂഹ പ്രതിനിധികളെന്നു സ്വയം പ്രഖ്യാപിച്ചവരെ വിളിച്ചുവരുത്തി നിയമനിർമാണത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതു പാർലമെണ്ടറി ജനാധിപത്യത്തെ അസ്ഥിരപ്പെടുത്തുമെന്ന് അണ്ണാ ഹസ്സാരെയുടെ സമരത്തെ വിമർശിച്ചുകൊണ്ടു സിപിഐ റിപ്പോർട്ട്.

**21.** വിഭാഗീയത രൂക്ഷമായതിനെത്തുടർന്നു ബിജെപി കാസർകോട് ജില്ലാ കമ്മിറ്റിയെ സസ്പെൻഡു ചെയ്തു.

* ശ്രീകൃഷ്ണജയന്തി ആഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്താകമാനം ശോഭായാത്ര സംഘടിപ്പിക്കപ്പെട്ടു.



**22.** ആകെയുള്ള 273 റാങ്കുപട്ടികകളുടെ കാലാവധി ഡിസംബർ 31 വരെ നീട്ടുവാൻ പി.എസ്.സി. യോഗം തീരുമാനിച്ചു.

* വിവാദമായ മെർക്കിസ്റ്റൺ ഭൂമിയിടപാടു കേസിൽ സേവി മനോ മാത്യുവിനെ പോലീസ് രണ്ടാം പ്രതിയാക്കി.

**23.** ആസൂത്രണബോർഡിലെ അനൗദ്യോഗിക അംഗമായി സിഎംപി നേതാവ് സി.പി. ജോണിനെ സംസ്ഥാന സർക്കാർ നിയമിച്ചു.



**24.** കെൽട്രോൺ പുനരുദ്ധാരണത്തിനുള്ള 300 കോടി രൂപയുടെ പാക്കേജിനു സംസ്ഥാന മന്ത്രിസഭ അംഗീകാരം നല്കി.

* 158 പേരുടെ മരണത്തിനിടയാക്കിയ മംഗലാപുരം വിമാനാപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്കു മിനിമം 75 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നല്കണമെന്ന സിംഗിൾ ജഡ്ജിയുടെ ഉത്തരവു ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കി.



**25.** പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിനെതിരായ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്ന നിയമസഭാ സമിതി വി.എസ്. അച്യുതാനന്ദൻ ഉൾപ്പെടെ 14 പേരുടെ സാക്ഷിപ്പട്ടിക തയ്യാറാക്കി.

* ടൂറിസം വകുപ്പിലെയും കെ.ടി.ഡി.സിയിലെയും ഉന്നത ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണു നാൽപ്പത്തഞ്ചുപേരുടെ മരണത്തിനിടയാക്കിയ തേക്കടി ബോട്ടു ദുരന്തം ഉണ്ടായതെന്ന് ഇതേക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് ഇ.മൈതീൻകുഞ്ഞ് കമ്മീഷൻ റിപ്പോർട്ട്




**19.** സിപിഎം പോളിറ്റ് ബ്യൂറോ അംഗവും സിഐടിയു പ്രസിഡണ്ടുമായ എം. കെ.പാന്ഥെ (86) അന്തരിച്ചു.



* ഇൻഫോസിസ് സ്ഥാപകാംഗം എൻ. ആർ.നാരായണമൂർത്തി ചെയർമാൻ സ്ഥാനമൊഴിഞ്ഞു.



**20.** മുഖ്യമന്ത്രി മമത ബാനർജിയുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി സമ്മേളനം പശ്ചിമബംഗാൾ സംസ്ഥാനത്തിന്റെ പേരു പശ്ചിംബംഗ എന്നു പുനർനാമകരണം ചെയ്തു.

* ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ബി നിലവറ തുറക്കരുതെന്ന് ആവശ്യപ്പെട്ടു തിരുവിതാംകൂർ രാജകുടുംബത്തിലെ രാമവർമ സുപ്രീം കോടതിയിൽ അപേക്ഷ നല്കി.



* ഏഴു തൃണമൂൽ കോൺഗ്രസ് പ്രവർത്തകരുടെ മൃതദേഹം കണ്ടെടുത്ത സംഭവത്തിൽ അറസ്റ്റിലായ ബംഗാൾ മുൻമന്ത്രിയും സിപിഎം എംഎൽഎയുമായ സുശാന്ത ഘോഷിനെ പത്തുദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡു ചെയ്തു.

**21.** ഇന്ത്യൻ നാവികസേനയുടെ പുതിയ യുദ്ധക്കപ്പൽ ഐ.എൻ.എസ് സത്പുര മുംബൈയിൽ നടന്ന ചടങ്ങിൽ രാഷ്ട്രത്തിനു സമർപ്പിച്ചു.



* പ്രമുഖ ഇടതുപക്ഷ ചരിത്രകാരനും ഇന്ത്യൻ ചരിത്രഗവേഷക കൗൺസിൽ സ്ഥാപക ചെയർമാനുമായ പ്രൊഫ.രാം ശരൺ ശർമ (92) അന്തരിച്ചു.



**22.** ജനകീയ പ്രക്ഷോഭത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരുമിച്ചു പങ്കാളിയാക്കുന്നത് എങ്ങനെയെന്ന് അഭിനവ ഗാന്ധിയൻ അണ്ണാ ഹസാരെ ഗാന്ധിജിയിൽ നിന്നു കൂടുതൽ പഠിക്കണമെന്നു ഡൽഹി ജുമാമസ്ജിദ് ഇമാം സയിദ് അഹമ്മദ് ബുഖാരി.

* ആന്ധ്രാപ്രദേശിൽ ചിരഞ്ജീവിയുടെ നേതൃത്വത്തിലുള്ള പ്രജാരാജ്യം പാർട്ടി കോൺഗ്രസിൽ ലയിച്ചു.



**23.** ഉത്തർപ്രദേശിലെ ബല്യജില്ലയിൽ ട്രാക്ടർട്രോളി റോഡരികിലെ കുളത്തിലേക്കു മറിഞ്ഞ് 45 പേർ കൊല്ലപ്പെട്ടു.

- അനധികൃത ഖനനം സംബന്ധിച്ച കേസിൽ കർണാടക മുഖ്യമന്ത്രി ബി. എസ്.യെദ്യൂരപ്പയെ ഒന്നാം പ്രതിയാക്കി ലോകായുക്ത കേസെടുത്തു.



**24.** പ്രമുഖ വാർത്താ ഏജൻസിയായ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ (പി.ടി.ഐ) ചെയർമാനായി മാതൃഭൂമി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ തെരഞ്ഞെടുക്കപ്പെട്ടു. മുമ്പുരണ്ടു തവണ അദ്ദേഹം പി.ടി. ഐ. ചെയർമാനായിരുന്നിട്ടുണ്ട്.



- ഇന്ത്യയ്ക്കായി ഏറ്റവും കൂടുതൽ രാജ്യാന്തര ഗോളുകൾ നേടിയ (107 കളികളിൽ നിന്നായി 42 ഗോളുകൾ) ഇന്ത്യൻ ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ കൂടിയായ ബൈച്ച്യുങ് ബൂട്ടിയ രാജ്യാന്തര മത്സരരംഗത്തുനിന്നും വിരമിച്ചു.



**25.** ലൈംഗിക സി.ഡി വിവാദത്തെത്തുടർന്നു ബിജെപി ദേശീയ ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്നും ഒഴിവാക്കപ്പെട്ട സഞ്ജയ് ജോഷിയെ പാർട്ടിയിൽ തിരിച്ചെടുത്തു.



- അഴിമതി തടയുവാനുള്ള നിലവിലെ സംവിധാനത്തിൽ ജനത്തിനു വിശ്വാസം നഷ്ടമായെന്നു കേന്ദ്ര വിജിലൻസ് കമ്മീഷണർ പാർലമെണ്ടിനു സമർപ്പിച്ച വാർഷിക റിപ്പോർട്ട്.
- ഭൂമി കുംഭകോണക്കേസിൽ ലോകായുക്ത നടപടികൾ സ്റ്റേ ചെയ്യണമെന്ന കർണാടക മുൻ മുഖ്യമന്ത്രി ബി. എസ്.യെദ്യൂരപ്പയുടെ ആവശ്യം കർണാടക ഹൈക്കോടതി തള്ളി.
- ലോക്പാൽബിൽ വിഷയത്തിൽ ന്യൂഡൽഹി രാംലീല മൈതാനത്ത് അണ്ണാ ഹസ്സാരെ തുടർന്നുവരുന്ന നിരാഹാരസത്യഗ്രഹം അവസാനിപ്പിക്കണമെന്നു പാർലമെണ്ട് അദ്ദേഹത്തോട് അഭ്യർത്ഥിച്ചു.
- എം.ഒ.എച്ച് ഫാറൂഖിനെ കേരളത്തിലും, വക്കം പുരുഷോത്തമനെ മിസ്സോറാമിലും, ആന്ധ്രാപ്രദേശ് മുൻ മുഖ്യമന്ത്രി റോസയ്യയെ തമിഴ്നാട്ടിലും, രാം നരേഷ് യാദവിനെ മധ്യപ്രദേശിലും ഗവർണർമാരായി നിയമിച്ചു.




**19.** 92-ാം സ്വാതന്ത്ര്യദിനാഘോഷത്തിനിടെ അഫ്ഗാനിസ്ഥാൻ തലസ്ഥാനമായ കാബൂളിലെ ബ്രിട്ടീഷ് കൗൺസിൽ മന്ദിരത്തിലുണ്ടായ ചാവേർ ആക്രമണത്തിൽ പത്തുപേർ കൊല്ലപ്പെട്ടു.

- വടക്കുപടിഞ്ഞാറൻ പാക്കിസ്ഥാനിലെ ഖൈബർ മേഖലയിലെ പള്ളിയിൽ പ്രാർത്ഥനാ സമയത്തു നടന്ന ചാവേർ സ്ഫോടനത്തിൽ 53 പേർ കൊല്ലപ്പെട്ടു.

**20.** ഭീകരതയുടെ സ്പോൺസർമാർ എന്ന പേരിൽ യു.എസ്. വിദേശകാര്യവകുപ്പു പുറത്തിറക്കിയ പട്ടികയിൽ ക്യൂബ, ഇറാൻ, സുഡാൻ, സിറിയ എന്നീ രാജ്യങ്ങൾ.

- മുംബൈയിലെ സ്വകാര്യ കമ്പനിയുടെ ഉടമസ്ഥതയിലുള്ള കപ്പൽ 21 ജീവനക്കാരുമായി സലാലയിൽ നിന്നും സൊമാലിയയിലേക്കു ചരക്കുമായി പോകവെ കടൽകൊള്ളക്കാർ റാഞ്ചി.

**21.** സ്പെയിനിലെ മാഡ്രിഡിൽ റോമൻ കത്തോലിക്കാസഭയുടെ ലോക യുവജനദിനത്തോടനുബന്ധിച്ചു നടന്ന പരിപാടിയിൽ 190 രാജ്യങ്ങളിൽ നിന്നായി 15 ലക്ഷം യുവതീയുവാക്കൾ പങ്കെടുത്തു.

**22.** 42 വർഷം നീണ്ട മു അമ്മർ ഗദ്ദാഫി ഭരണത്തിനു വിരാമം കുറിച്ചു ലിബിയയിൽ വിമതർ തലസ്ഥാന നഗരമായ ട്രിപ്പോളിയുടെ നിയന്ത്രണം പിടിച്ചെടുത്തു.

- യു.എസ്. തലസ്ഥാനമായ വാഷിങ്ടണിൽ റിക്ടർ സ്കെയിലിൽ 5.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ പാർലമെണ്ടു മന്ദിരമായ ക്യാപിറ്റോൾ, പ്രസിഡണ്ടിന്റെ ഔദ്യോഗിക വസതിയായ വൈറ്റ് ഹൗസ്, പ്രതിരോധ ആസ്ഥാനമായ പെന്റഗൺ തുടങ്ങിയവയ്ക്കു നേരിയ കേടുപാടു പറ്റി.

**23.** ലിബിയയിൽ കേണൽ മു അമ്മർ ഗദ്ദാഫിയുടെ ആസ്ഥാനമായ ബാബുൽ അസീസിയ വിമതസേന പിടിച്ചടക്കി.

- ഐ.എം.എസ് മുൻ മേധാവി ഡൊമിനിക് സ്ട്രോസ് കാനെതിരായ ലൈംഗിക പീഡനക്കേസ് അമേരിക്കയിലെ ന്യൂയോർക്ക് കോടതി തള്ളി.



**24.** അമേരിക്കയുടെ ക്രെഡിറ്റ് റേറ്റിംഗ് താഴ്ത്തിയതു വഴി ആഗോള ശ്രദ്ധ പിടിച്ചുപറ്റിയ ധനകാര്യ ഏജൻസിയായ സ്റ്റാൻഡേർഡ് ആന്റ് പുവർസ് മേധാവി സ്ഥാനം ഇന്ത്യൻ വംശജനായ ദേവൻശർമ രാജിവച്ചു.

- കേണൽ മു അമ്മർ ഗദ്ദാഫിയെ ജീവനോടെയോ അല്ലാതെയോ പിടികൂടുന്നവർക്കു ലിബിയയിലെ വിമത ഭരണനേതൃത്വം ഏഴരക്കോടി രൂപ ഇനാം പ്രഖ്യാപിച്ചു.



**25.** ധനകമ്മിയും കടബാധ്യതയും കുതിച്ചുയർന്നതിനെത്തുടർന്നു ജപ്പാന്റെ ഡെറ്റ് റേറ്റിംഗ് എ.എ.ടുവിൽ നിന്നും എ.എ.ത്രീയിലേക്കു മൂഡീസ് ഇൻവെസ്റ്റേഴ്സ് സർവീസസ് കുറച്ചു.

- ആപ്പിൾ സ്ഥാപകൻ സ്റ്റീവ് ജോൺസ്, കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പദവി (സി.ഇ.ഒ) രാജിവച്ചു.






## വില്ക്കാനുണ്ട് സ്വകാര്യതകൾ

*പായിപ്ര രാധാകൃഷ്ണൻ*

പ്രസാ: ഉൺമ പബ്ലിക്കേഷൻസ്

നൂറനാട് പി.ഒ., ആലപ്പുഴ-690504

ഫോൺ : 9349490317

*വില : ₹ 85/-*

മാറുന്ന കാലത്തിനൊപ്പിച്ചു ചുവടുവയ്ക്കുന്ന ജീവിതത്തിന്റെ വേഷപ്പകർച്ചകളുടെ പ്രലോഭനങ്ങളെ അതിജീവിക്കുന്ന അരികുസത്യങ്ങൾ തേടിയൊരു അന്വേഷണം. എല്ലാവരും ഒരു വഴിക്കു തന്നെ തിരിയുമ്പോൾ നമ്മുടെ ചിന്തകൾക്കു വഴിമാറാൻ സമയമായി എന്നു താക്കീതു ചെയ്യുന്ന ആഴമുള്ള രചനാസാരള്യങ്ങൾ. ജനകീയാസൂത്രണം, ചൂലുകളുടെ തീവ്രവാദം, വില്ക്കാനുണ്ടു സ്വകാര്യതകൾ, തുടങ്ങി കഥാഖ്യാനത്തിന്റെ ഒഴുക്കും നർമത്തിന്റെ കലർപ്പും തീക്ഷ്ണചിന്തകളുടെ മൂർച്ചയുമുള്ള ഒരുകൂട്ടം ചാട്ടുളി രചനകൾ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ മുമ്പ് പ്രസിദ്ധീകരിച്ചപ്പോൾ തന്നെ ശ്രദ്ധിക്കപ്പെട്ടതാണ്. ♦



## ഉൺമക്കഥകൾ

*മാധവിക്കുട്ടി*

പ്രസാ: ഉൺമ പബ്ലിക്കേഷൻസ്

നൂറനാട് പി.ഒ., ആലപ്പുഴ-690504

ഫോൺ : 9349490317

*വില : ₹ 100/-*

കലയിലും ജീവിതത്തിലും പ്രണയം ആഘോഷിച്ച മാധവിക്കുട്ടിക്ക് ഒരു മുഖവുര ആവശ്യമുണ്ടോ? ലൗകികവാസനകൾക്കു കൈയെത്തിത്തൊടാനാവാത്ത പ്രതിഭകൊണ്ടു മാത്രം വീൺ വാക്കുകളുടെ ബഹളവൃത്തത്തിൽ നിന്നുയരെപ്പറക്കുന്ന മാധവിക്കുട്ടിക്ക്?



അവരുടെ കാഴ്ചപ്പാടുകളും അവരിലെ പ്രണയവും അവരുടെ മതവും അദ്ധ്യാത്മബോധവും നമ്മോടു കലഹിക്കുന്നതിന്റെ കാരണം മറ്റെന്താണ്? മാധവിക്കുട്ടിയുടെ അന്യാദൃശ ജീനിയസിന്റെ കൈവിരൽപാടുകൾ പതിഞ്ഞവയാണ് ഇതിലെ കഥകൾ. ♦

## തേനും വയമ്പും

*ഡോ.പ്രസന്ന രാജൻ*

പ്രസാ: ഉൺമ പബ്ലിക്കേഷൻസ്

നൂറനാട് പി.ഒ., ആലപ്പുഴ-690504

ഫോൺ : 9349490317

*വില : ₹ 65/-*

മൗലികവും സൂക്ഷ്മവും നൂതനവുമായ പാരായണത്തിലൂടെ രചനകളിൽ നിന്നും പുതിയ അർത്ഥമുത്പാദിപ്പിക്കുമ്പോഴാണു വിമശനം അതിന്റെ കടമ നിർവഹിക്കുന്നത്. ഈ കാഴ്ചപ്പാടിലൂടെ ‘കവിത’യെക്കുറിച്ചു പഠിക്കുന്ന പത്തു നിരൂപണലേഖനങ്ങൾ. കവിത നിർവചിക്കുവാൻ ശ്രമിക്കുമ്പോൾ, കവിത നല്കുന്ന കണ്ണടകൾ, കവിതയും യാഥാർത്ഥ്യവും, കവിതയും വൈരുദ്ധ്യവും, കവിതയും രാഷ്ട്രീയവും, കവിതയുടെ പിതൃഭൂമി തുടങ്ങി ഏഴ് അധ്യായങ്ങൾ ആദ്യഭാഗത്തിലും, അർത്ഥത്തിന്റെ സ്വാതന്ത്ര്യം, മൂല്യനിർണയത്തിന്റെ മറ്റൊരധ്യായം, കാവ്യവിമർശനത്തിലെ കറുപ്പും വെളുപ്പും എന്നീ മൂന്ന് അധ്യായങ്ങൾ രണ്ടാം ഭാഗത്തിലും. ♦




*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*